# ലിറ്റിൽ പ്രിൻസ്

അന്ത്വാൻ ദ് സാന്തെ-എക്സ്യുപെരി
പരിഭാഷ: വി. രവികുമാർ

ലിറ്റിൽ പ്രിൻസ് (ഭാഗം ഒന്ന്)
അന്ത്വാൻ ദ് സാന്തെ-എക്സ്യുപെരി
പരിഭാഷ: വി. രവികുമാർ
(മലയാളം: ചെറുകഥ)

© 2020, V. Revikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Le petit prince, a photograph by Nicholas Wang. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ലിറ്റിൽ പ്രിൻസ്

(ഒരു പൂവിനോടു പിണങ്ങി നാടു വിട്ട രാജകുമാരന്റെ കഥ)

ലിയോൺ വെർത്തിന്

മുതിർന്നൊരാൾക്കാണ് ഈ പുസ്തകം സമർപ്പിക്കുന്നത് എന്നതിൽ ഞാൻ കുട്ടികളോട് മാപ്പു ചോദിക്കട്ടെ. പക്ഷേ, അതിനെനിക്കു കാരണമുണ്ട്: ഈ ലോകത്ത് എനിക്കുള്ള ഏറ്റവും നല്ല സ്നേഹിതനാണയാൾ. മറ്റൊരു കാരണമുണ്ട്: ഈ മുതിർന്നയാൾക്ക് എല്ലാം മനസ്സിലാകും, കുട്ടികൾക്കുള്ള പുസ്തകങ്ങൾ പോലും. മൂന്നാമതൊരു കാരണം കൂടിയുണ്ട്: ഫ്രാൻസിലെവിടെയോ വിശപ്പും തണുപ്പും സഹിച്ചു കഴിയുകയാണയാൾ. അയാൾക്കൊരാശ്വാസം കിട്ടണം. ഈ കാരണങ്ങളൊന്നും പോരെന്നാണെങ്കിൽ ഈ മുതിർന്നയാളിന്റെ കുട്ടിക്കാലത്തിനു ഞാൻ ഇതു സമർപ്പിക്കുന്നു. എല്ലാ മുതിർന്നവരും ഒരിക്കൽ കുട്ടികളായിരുന്നു. (ചിലർക്കേ അതോർമ്മയുള്ളുവെങ്കില്പോലും.) അതിനാൽ ഞാൻ ഈ സമർപ്പണം ഇങ്ങനെയൊന്നു ഭേദപ്പെടുത്തട്ടെ:

കുട്ടിയായിരുന്നപ്പോഴത്തെ ലിയോൺ വെർത്തിന്

അന്നൊരിക്കൽ, എനിക്കാറു വയസ്സുള്ളപ്പോൾ, കന്യാവനങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ‘പ്രകൃതിയിലെ വാസ്തവകഥകൾ’ എന്നൊരു പുസ്തകം ഞാൻ വായിക്കാനിടയായി; ഗംഭീരമായ ഒരു ചിത്രം ഞാനതിൽ കണ്ടു. ഒരു പെരുമ്പാമ്പ് ഏതോ ജന്തുവിനെ വിഴുങ്ങുന്നതാണ് ചിത്രകാരൻ വരച്ചുവച്ചിരിക്കുന്നത്. അതിന്റെ ഒരു കോപ്പി ഇവിടെ കാണാം.



പുസ്തകത്തിൽ അതിനെക്കുറിച്ചുള്ള വിശദീകരണം ഇങ്ങനെയായിരുന്നു: “പെരുമ്പാമ്പുകൾ ഇരയെ അകത്താക്കുന്നത് ചവച്ചരച്ചിട്ടല്ല, അപ്പാടെ വിഴുങ്ങിയിട്ടാണ്. അതിനു ശേഷം അവയ്ക്ക് അനങ്ങാൻ പറ്റാതെയാകുന്നു; ദഹനത്തിനു വേണ്ട ആറു മാസം അവ ഉറക്കത്തിലായിരിക്കും.”

വനത്തിനുള്ളിൽ എന്തൊക്കെ അത്ഭുതങ്ങളാണു നടക്കുന്നതെന്ന് ഞാനന്നു കാര്യമായിട്ടിരുന്നാലോചിച്ചു. തന്നെയുമല്ല, ഒരു ചായപ്പെൻസിലുമായി കുറേ നേരം പണിയെടുത്തതിൽ പിന്നെ ജീവിതത്തിൽ ആദ്യമായി ഒരു ചിത്രം വരയ്ക്കുന്നതിൽ ഞാൻ വിജയം കാണുകയും ചെയ്തു. എന്റെ ചിത്രം നമ്പർ ഒന്ന്. അത് ഏകദേശം ഇതുപോലിരുന്നു:

ഞാൻ എന്റെ മാസ്റ്റർപീസ് മുതിർന്നവരെ കാണിച്ചുകൊടുത്തു; അതു കണ്ടിട്ട് അവർക്കു പേടിയാവുന്നില്ലേ എന്നു ഞാൻ ചോദിച്ചു.

അവരുടെ മറുപടി പക്ഷേ, ഇങ്ങനെയായിരുന്നു: “പേടിക്കാനോ? തൊപ്പി കണ്ടാൽ ആരു പേടിക്കാൻ?”

ഞാൻ വരച്ചത് തൊപ്പിയുടെ പടമൊന്നുമായിരുന്നില്ല. ഒരു പെരുമ്പാമ്പ് ആനയെ വിഴുങ്ങുന്നതിന്റെ ചിത്രമാണത്. പക്ഷേ, മുതിർന്നവർക്ക് കാര്യം പിടി കിട്ടിയിട്ടില്ലെന്നു വന്നതിനാൽ ഞാൻ രണ്ടാമതൊന്നു വരച്ചു: ഒരു പെരുമ്പാമ്പിന്റെ ഉൾവശമാണു ഞാൻ വരച്ചത്; മുതിർന്നവർ വ്യക്തമായി കണ്ടുകൊള്ളട്ടെ. വിശദമാക്കിക്കൊടുത്താലല്ലാതെ അവർക്കു കാര്യങ്ങൾ മനസ്സിലാവുക എന്നതില്ല. എന്റെ ചിത്രം നമ്പർ രണ്ട് ഇങ്ങനെയിരുന്നു:



ഇത്തവണ മുതിർന്നവരുടെ പ്രതികരണം ഒരുപദേശമായിരുന്നു: ഞാൻ ഈ പെരുമ്പാമ്പിന്റെ അകവും പുറവും വരയ്ക്കലൊക്കെ മാറ്റിവച്ചിട്ട് പോയി ഭൂമിശാസ്ത്രവും ചരിത്രവും കണക്കും വ്യാകരണവും പഠിക്കുന്നതിൽ ശ്രദ്ധിക്കുക. അങ്ങനെയാണ് ഭാവിവാഗ്ദാനമാകേണ്ടിയിരുന്ന ഒരു ചിത്രകാരൻ ആറാമത്തെ വയസ്സിൽ മരണപ്പെടുന്നത്. ചിത്രം നമ്പർ ഒന്നും ചിത്രം നമ്പർ രണ്ടും പരാജയപ്പെട്ടത് എന്നെ വല്ലാതെ നിരാശപ്പെടുത്തിക്കളഞ്ഞു. മുതിർന്നവർക്ക് കാര്യങ്ങൾ തനിയേ മനസ്സിലാവുക എന്നതില്ല. എന്തും എപ്പോഴുമിങ്ങനെ വിശദീകരിച്ചു കൊടുക്കണമെന്നു വന്നാൽ കുട്ടികളെ അതെന്തു മാത്രം മടുപ്പിക്കില്ല!

അങ്ങനെയാണ് ഞാൻ മറ്റൊരു തൊഴിൽ രംഗം തിരഞ്ഞെടുക്കുന്നത്; അതായത് ഞാൻ ഒരു പൈലറ്റായി. ലോകത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങൾക്കു മേൽ കൂടിയും ഞാൻ പറന്നിട്ടുണ്ട്; ഇക്കാര്യത്തിൽ ഭൂമിശാസ്ത്രം കുറേയൊക്കെ സഹായിച്ചിട്ടുണ്ടെന്നു സമ്മതിക്കാൻ എനിക്കു മടിയുമില്ല. ചൈനയെ അരിസോണയിൽ നിന്നു തിരിച്ചറിയാൻ ഒറ്റ നോട്ടം കൊണ്ട് എനിക്കു കഴിയുന്നുണ്ട്. രാത്രിയിൽ വഴി മനസ്സിലാകാതെ വരുമ്പോൾ അത്തരം അറിവ് വിലയേറിയതുമാണ്. എന്റെ ഈ ജീവിതത്തിനിടയിൽ ഭാരിച്ച കാര്യങ്ങളുമായി നടക്കുന്ന ഒട്ടനേകം പേരെ കണ്ടുമുട്ടാൻ എനിക്കിടവന്നിട്ടുണ്ട്. മുതിർന്നവർക്കിടയിൽ എത്രയോ കാലം ഞാൻ കഴിച്ചുകൂട്ടിയിരിക്കുന്നു. അവരെ തൊട്ടടുത്തു നിന്നു ഞാൻ പഠിച്ചിരിക്കുന്നു. എന്നിട്ടും പക്ഷേ, എനിക്കവരെക്കുറിച്ചുള്ള അഭിപ്രായത്തിൽ കാര്യമായ വ്യത്യാസമൊന്നും വരുത്തേണ്ടി വന്നിട്ടില്ലെന്നും പറയട്ടെ.

മനസ്സിനു വെളിവുള്ളതായി തോന്നുന്ന ആരെയെങ്കിലും കണ്ടുമുട്ടാൻ ഇടയായെന്നു വയ്ക്കുക; ഞാൻ അയാളെ ഒരു പരീക്ഷണത്തിനു വിധേയനാക്കുന്നു. എപ്പോഴും കൂടെ കൊണ്ടുനടക്കുന്ന ചിത്രം നമ്പർ ഒന്ന് ഞാൻ അയാളെ കാണിച്ചുകൊടുക്കുന്നു. അയാളുടെ പ്രതികരണത്തിൽ നിന്ന് എനിക്കൂഹിക്കാം, കക്ഷി വിവരമുള്ളയാളാണോ അല്ലയോയെന്ന്. പക്ഷേ, ആരായിട്ടെന്താ, ആണാകട്ടെ, പെണ്ണാകട്ടെ, അവർ പറയുന്നതിതായിരിക്കും: “ഇതൊരു തൊപ്പി.”

ഞാൻ പിന്നെ ആ വ്യക്തിയോട് പെരുമ്പാമ്പിനെക്കുറിച്ചോ കന്യാവനങ്ങളെക്കുറിച്ചോ നക്ഷത്രങ്ങളെക്കുറിച്ചോ ഒന്നും പറയാൻ നില്ക്കില്ല. അയാളുടെ നിലവാരത്തിലേക്ക് ഞാൻ എന്നെ ഇറക്കിക്കൊണ്ടു വരും. എന്നിട്ട് ഞാൻ അയാളോട് പാലത്തെക്കുറിച്ചും ഗോൾഫിനെക്കുറിച്ചും ടൈകളെക്കുറിച്ചും സംസാരിക്കും. ഇത്രയും വിവരമുള്ള ഒരു മനുഷ്യനെ പരിചയപ്പെട്ടതിൽ ആ മുതിർന്നവർക്കു ബഹുസന്തോഷവുമാവും.

## രണ്ട്

ആരോടും കാര്യമായിട്ടൊന്നും സംസാരിക്കാനില്ലാതെ അങ്ങനെ ഏകാന്തജീവിതവും നയിക്കുന്ന കാലത്താണ്, ആറു കൊല്ലം മുമ്പ് സഹാറാ മരുഭൂമിയിൽ വച്ച് എന്റെ വിമാനം ഒരപകടത്തിൽ പെടുന്നത്. എഞ്ചിനുള്ളിൽ എന്തോ ഒടിയുകയോ മറ്റോ ചെയ്തിരിക്കുന്നു. കൂടെ മെക്കാനിക്കോ വേറേ യാത്രക്കാരോ ഒന്നുമില്ലാത്തതിനാൽ ഞാൻ തന്നെ റിപ്പയറിനു തുനിഞ്ഞിറങ്ങി. കൈയിലുള്ള കുടിവെള്ളം ഒരാഴ്ചത്തേക്കേ തികയുകയുള്ളൂ എന്നതിനാൽ എനിക്കതൊരു ജീവന്മരണപ്രശ്നവുമായിരുന്നു. അങ്ങനെ ഒന്നാമത്തെ രാത്രി മണൽപ്പരപ്പിൽ ഞാൻ ഉറങ്ങാൻ കിടന്നു; ഏതെങ്കിലും തരത്തിലുള്ള മനുഷ്യസാന്നിദ്ധ്യത്തിൽ നിന്ന് ഒരായിരം മൈൽ അകലെയാണത്. നടുക്കടലിൽ തകർന്ന കപ്പലിന്റെ മരപ്പൊളിയിൽ പിടിച്ചു പൊന്തിക്കിടക്കുന്ന നാവികന്റേതിനെക്കാളും ഒറ്റപ്പെട്ട അവസ്ഥയിലാണു ഞാൻ. വിചിത്രമായ ഒരു കൊച്ചു ശബ്ദം എന്നെ ഉറക്കത്തിൽ നിന്നുണർത്തിയപ്പോൾ എനിക്കുണ്ടായ വിസ്മയം നിങ്ങൾക്കൂഹിക്കാമല്ലോ. ആ ശബ്ദം പറയുകയാണ്:

“എനിക്കൊരു...ചെമ്മരിയാടിനെ വരച്ചുതരുമോ?”

“എന്ത്!”

“ഒരു ചെമ്മരിയാടിനെ വരച്ചുതരൂ!”

ഇടിവെട്ടേറ്റ പോലെ ഞാൻ ചാടിയെഴുന്നേറ്റു. കണ്ണുകൾ ഞാൻ മുറുക്കെ അടച്ചുതുറന്നു. അതീവശ്രദ്ധയോടെ ഞാൻ ചുറ്റും നോക്കി. ഞാൻ കണ്ടത് എത്രയും അസാധാരണനായ ഒരു കൊച്ചു മനുഷ്യനെയാണ്; ഗൗരവം മുറ്റിയ മുഖത്തോടെ എന്നെ നിരീക്ഷിച്ചുകൊണ്ടു നില്ക്കുകയാണയാൾ. പില്ക്കാലത്ത് എനിക്കു കഴിയുന്ന വിധത്തിൽ ആ ചങ്ങാതിയുടെ ഒരു ചിത്രം ഞാൻ ഓർമ്മയിൽ നിന്നു വരച്ചത് നിങ്ങൾക്കിവിടെ കാണാം. യഥാർത്ഥരൂപത്തിന്റെ ഭംഗിയോടു നീതി പുലർത്താൻ അതിനു കഴിഞ്ഞിട്ടില്ലെന്നും ഞാൻ തുറന്നുപറയട്ടെ.



അതു പക്ഷേ, എന്റെ കുഴപ്പവുമല്ല. ആറു വയസ്സുള്ളപ്പോഴല്ലേ മുതിർന്നവർ എന്റെ ചിത്രംവര നിരുത്സാഹപ്പെടുത്തിയത്? അതു കാരണം പെരുമ്പാമ്പുകളുടെ അകവും പുറവും വരയ്ക്കാനല്ലാതെ മറ്റൊന്നും ഞാൻ പഠിച്ചതുമില്ല.

പൊട്ടിവീണപോലെ പ്രത്യക്ഷമായ ആ രൂപത്തെ കൃഷ്ണമണികൾ പുറത്തു ചാടുമെന്ന മട്ടിൽ തുറിച്ചുനോക്കിക്കൊണ്ടു ഞാൻ നിന്നു. ഞാൻ നില്ക്കുന്നത് മനുഷ്യസാന്നിദ്ധ്യത്തിൽ നിന്ന് ഒരായിരം മൈൽ അകലെയുള്ള ഒരു മരുഭൂമിയിലാണെന്ന് നിങ്ങളോർക്കണം. എന്നിട്ടും പക്ഷേ, നമ്മുടെ ഈ കൊച്ചുമനുഷ്യനാവട്ടെ, മണല്കുനകൾക്കിടയിൽ വഴിതെറ്റിയലഞ്ഞതിന്റെ ഒരു ലക്ഷണവും കാണാനില്ല; വിശപ്പോ ദാഹമോ ക്ഷീണമോ പേടിയോ കൊണ്ടു ബോധം കെടുന്ന മട്ടുമില്ല. മനുഷ്യവാസത്തിൽ നിന്ന് ഒരായിരം മൈൽ അകലെക്കിടക്കുന്ന ഒരു മരുഭൂമിയിൽ പെട്ടുപോയ ഒരു മനുഷ്യക്കുട്ടിയുടേതായി യാതൊന്നും അവനിൽ കാണാനില്ല. ഒടുവിൽ, സംസാരശേഷി തിരിച്ചുകിട്ടിയെന്നായപ്പോൾ, ഞാൻ അവനോടു ചോദിച്ചു:

“അല്ല...താനിവിടെ എന്തു ചെയ്യുന്നു?”

അതിനു മറുപടിയായി വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണതെന്ന പോലെ മുമ്പു പറഞ്ഞത് സാവധാനം ആവർത്തിക്കുകയാണ് അവൻ ചെയ്തത്:

“എനിക്കൊരു ചെമ്മരിയാടിന്റെ പടം വരച്ചുതരുമോ?”

ഒരു നിഗൂഢത നിങ്ങൾക്കുൾക്കൊള്ളാനാവുന്നതിലധികമാണെന്നു വരുമ്പോൾ അതിനെ അനുസരിക്കാതിരിക്കാൻ നിങ്ങൾക്കു ധൈര്യം വരില്ല. മനുഷ്യവാസത്തിൽ നിന്ന് ഒരായിരം മൈൽ അകലെ, മരണവും മുന്നിൽ കണ്ടു നില്ക്കുന്ന ഞാൻ, എന്തൊരു വിഡ്ഢിത്തമാണീ കാണിക്കുന്നതെന്ന തോന്നലോടെ, പോക്കറ്റിൽ നിന്ന് ഒരു ഷീറ്റു കടലാസും ഒരു പേനയും പുറത്തെടുത്തു. അപ്പോഴാണ് ഞാൻ ഓർത്തത്, ഭൂമിശാസ്ത്രവും ചരിത്രവും കണക്കും വ്യാകരണവുമായി എന്റെ പഠനം ചുരുങ്ങിപ്പോയിരുന്നുവെന്ന്. എനിക്കു വരയ്ക്കാനറിയില്ലെന്ന് (അല്പം നീരസത്തോടെ തന്നെ) ഞാൻ അവനോടു പറഞ്ഞു. അവന്റെ മറുപടി ഇതായിരുന്നു:

“അതു സാരമില്ല. എനിക്കൊരു ചെമ്മരിയാടിനെ വരച്ചുതരൂ.”

പക്ഷേ, ഞാൻ അന്നേ വരെ ചെമ്മരിയാടിനെ വരച്ചിട്ടില്ല. അതിനാൽ മുമ്പു പലപ്പോഴും വരച്ചിട്ടുള്ള ആ രണ്ടു ചിത്രങ്ങളിൽ ഒന്നു വരച്ച് ഞാൻ അവനു കൊടുത്തു. അതു കണ്ടിട്ട് ആ കൊച്ചു ചങ്ങാതി പറഞ്ഞത് എന്നെ അത്ഭുതസ്തബ്ധനാക്കിക്കളഞ്ഞു: “വേണ്ട, വേണ്ട, വേണ്ട! പെരുമ്പാമ്പു വിഴുങ്ങിയ ആനയൊന്നും എനിക്കു വേണ്ട. പെരുമ്പാമ്പ് വളരെ അപകടം പിടിച്ച ജന്തുവാണ്; ആനയാണെങ്കിൽ കൊണ്ടുനടക്കാൻ വിഷമവും. ഞാൻ താമസിക്കുന്ന സ്ഥലത്ത് സകലതും വളരെ ചെറുതാണ്. എനിക്കു ചെമ്മരിയാടിനെയാണു വേണ്ടത്. എനിക്കൊരു ചെമ്മരിയാടിനെ വരച്ചുതരൂ.”

ഞാനപ്പോൾ ഇങ്ങനെയൊന്നു വരച്ചു.



അതിൽ സൂക്ഷിച്ചു നോക്കിയിട്ട് അവൻ പറയുകയാണ്:

“ഇതു വേണ്ട. കണ്ടിട്ട് അസുഖം പിടിച്ച പോലിരിക്കുന്നു. എനിക്കു വേറൊന്നിനെ വരച്ചുതരൂ.”

അങ്ങനെ ഞാൻ രണ്ടാമതൊന്നിനെ വരച്ചു.



എന്റെ ചങ്ങാതി കുസൃതി കലർന്ന ഒരു പുഞ്ചിരിയോടെ പറഞ്ഞു:

“തന്നെത്താനൊന്നു നോക്കിയേ. ഇതു ചെമ്മരിയാടൊന്നുമല്ല, മുട്ടാനാടാണ്. അതിനു കൊമ്പുണ്ടല്ലോ.”

അങ്ങനെ ഞാൻ മറ്റൊന്നിനെക്കൂടി വരച്ചു.

പക്ഷേ, മറ്റുള്ളവയെപ്പോലെ ഇതും തിരസ്കരിക്കപ്പെട്ടു.

“ഇതിനിപ്പോഴേ വയസ്സായി. എനിക്കു വേണ്ടത് ഒരുപാടു കാലം ജീവിച്ചിരിക്കുന്ന ഒരു ചെമ്മരിയാടാണ്.”

ഈ നേരമായപ്പോഴേക്കും എന്റെ ക്ഷമയുടെ നെല്ലിപ്പലക കണ്ടുതുടങ്ങിയിരുന്നു; കാരണം ഞാൻ ഇനിയും വിമാനത്തിന്റെ എഞ്ചിൻപണി തുടങ്ങിയിട്ടില്ല. അതിനാൽ ഞാൻ ഇങ്ങനെയൊരെണ്ണം വരച്ചിട്ടുകൊടുത്തു.



അതിനൊരു വിശദീകരണവും ഞാൻ തട്ടിവിട്ടു.

“ആടിന്റെ പെട്ടി മാത്രമാണിത്. നീ പറയുന്ന ചെമ്മരിയാട്ട് ഉള്ളിൽ ഉറങ്ങിക്കിടക്കുന്നുണ്ട്.”

എന്റെ വിധികർത്താവിന്റെ കുഞ്ഞുമുഖത്ത് ഒരു വെളിച്ചം പൊട്ടിവിടരുന്നതു കണ്ടപ്പോൾ ഞാൻ അമ്പരന്നുപോയി.

“ഇങ്ങനെ തന്നെയാണ് എനിക്കു വേണ്ടിയിരുന്നത്! ഈ ചെമ്മരിയാടിന് ഒരുപാടു പുല്ലു വേണ്ടിവരുമോ?”

“അതെന്താ?”

“ഞാൻ താമസിക്കുന്ന സ്ഥലം തീരെ ചെറുതാണ്, അവിടെ...”

“അതിനു വേണ്ട പുല്ലൊക്കെ അവിടെയുണ്ടാവും,” ഞാൻ പറഞ്ഞു. “തീരെച്ചെറിയ ഒരാടിനെയല്ലേ ഞാൻ നിനക്കു തന്നത്?”

അവൻ ചിത്രത്തിനു മേൽക്കൂടി കുനിഞ്ഞുനോക്കി.

“അത്ര ചെറുതൊന്നുമല്ല...നോക്കിയേ! അതുറക്കമായി...”

ഇങ്ങനെയാണ് ലിറ്റിൽ പ്രിൻസിനെ ഞാൻ പരിചയപ്പെടുന്നത്.

# മൂന്ന്

അവന്റെ സ്വദേശം കണ്ടുപിടിക്കാൻ ഞാൻ ഏറെ നേരമെടുത്തു. ഇത്രയൊക്കെ ചോദ്യങ്ങൾ എന്നോടു ചോദിക്കുന്ന ലിറ്റിൽ പ്രിൻസിന് ഞാൻ ചോദിക്കുന്നതൊന്നും ചെവിയിൽ പെടാതെപോയി. സന്ദർഭവശാൽ വീണുകിട്ടുന്ന വാക്കുകളിൽ നിന്നാണ് സർവ്വതും എനിക്കു വെളിപ്പെട്ടു കിട്ടുന്നത്.

ആദ്യമായി എന്റെ വിമാനം കണ്ടപ്പോൾ (എന്റെ വിമാനം ഞാൻ വരച്ചുകാണിക്കാനൊന്നും പോകുന്നില്ല; അത്ര വൈദഗ്ദ്ധ്യം എനിക്കില്ല) അവൻ ചോദിച്ചതിതാണ്:

"അതെന്തു സാധനമാ?"

"അതു സാധനമൊന്നുമല്ല. അതു പറക്കും. വിമാനം എന്നാണ് അതിനു പറയുന്നത്. എന്റെ വിമാനമാണത്."

എനിക്കു പറക്കാൻ കഴിയുമെന്ന് അവനെ ബോധിപ്പിച്ചപ്പോൾ ഞാൻ തെല്ലൊന്നഭിമാനം കൊള്ളുകയും ചെയ്തു.

അപ്പോൾ അവൻ ഉറക്കെച്ചോദിക്കുകയാണ്:

"എന്താ! നിങ്ങൾ ആകാശത്തു നിന്നുവന്നു വീണതാണോ?"

"അതെ," ഞാൻ വിനയത്തോടെ പറഞ്ഞു.

"ആഹാ! അതു രസമുള്ള കാര്യമാണല്ലോ!"

എന്നിട്ടവൻ മണി കിലുങ്ങുമ്പോലെ പൊട്ടിച്ചിരിച്ചു. ആ ചിരി കേൾക്കാൻ രസമായിരുന്നെങ്കിലും എനിക്കു വല്ലാതെ ദേഷ്യം വന്നു. എന്റെ ദൗർഭാഗ്യങ്ങൾ ഗൗരവത്തിലെടുക്കപ്പെടാതെ പോകുന്നത് എനിക്കിഷ്ടമല്ല.

എന്നിട്ടു ലിറ്റിൽ പ്രിൻസ് ചോദിച്ചു:

"അപ്പോൾ നിങ്ങളും ആകാശത്തു നിന്നു വന്നതാണല്ലേ! ഏതാ നിങ്ങളുടെ ഗ്രഹം?"

ആ നിമിഷത്തിലാണ് അവന്റെ സാന്നിദ്ധ്യമെന്ന അഭേദ്യമായ ദുരൂഹതയിലേക്ക് ഒരു വെളിച്ചത്തിന്റെ പഴുത് എനിക്കു കിട്ടുന്നത്:

"നീ വേറൊരു ഗ്രഹത്തിൽ നിന്നാണോ വരുന്നത്?"

പക്ഷേ, അവൻ അതിനു മറുപടി പറഞ്ഞില്ല. എന്റെ വിമാനത്തിൽ നിന്നു കണ്ണെടുക്കാതെ തല പിന്നിലേക്കു ചായ്ച്ചുകൊണ്ട് അവൻ പറഞ്ഞു:

"ഇതിൽ കയറി ഒരുപാടു ദൂരത്തു നിന്നൊന്നും വരാൻ പറ്റില്ല..."

എന്നിട്ടവൻ ദീർഘനേരം മനോരാജ്യത്തിലാണ്ടു. പിന്നെ ഞാൻ കൊടുത്ത ചെമ്മരിയാടിനെ പോക്കറ്റിൽ നിന്നെടുത്ത് അമൂല്യമായൊരു നിധിയാണതെന്നപോലെ അതും ധ്യാനിച്ചിരുന്നു.

പാതിരഹസ്യം പോലെ അവൻ പറഞ്ഞ ആ "മറ്റു ഗ്രഹങ്ങൾ" എന്റെ ജിജ്ഞാസയെ എന്തു മാത്രം കലുക്കിയുണർത്തിയെന്ന് നിങ്ങൾക്കൂഹിക്കാവുന്നതേയുള്ളു. അതിനാൽ ആ വിഷയത്തെക്കുറിച്ചു കൂടുതൽ അറിയാൻ ഞാൻ വലിയൊരു ശ്രമം നടത്തി.

"എന്റെ കൊച്ചുചങ്ങാതീ, നീ എവിടുന്നാണു വരുന്നത്? നീ പറയുന്ന ഈ 'ഞാൻ താമസിക്കുന്ന സ്ഥലം' എവിടെയാണ്? എവിടെയ്ക്കാണ് നീ എന്റെ ആടിനെ കൊണ്ടുപോകുന്നത്?"

ചിന്താധീനമായ ഒരു മൗനത്തിനു ശേഷം അവൻ ഇങ്ങനെ പറഞ്ഞു:

"നിങ്ങൾ തന്ന കൂടിന്റെ ഏറ്റവും വലിയ ഗുണം രാത്രിയിൽ ആടിനതു വീടായി ഉപയോഗിക്കാം എന്നതാണ്."

"അതങ്ങനെയാണ്. വേണമെങ്കിൽ ഞാനൊരു സ്ഥലം കുറ്റിയും കൂടി തരാം; പകലതിനെ കെട്ടിയിടാമല്ലോ."

ആ വാഗ്ദാനം കേട്ട് ലിറ്റിൽ പ്രിൻസ് ഞെട്ടിപ്പോയി:

"കെട്ടിയിടാനോ! എന്തു വിചിത്രമാണത്!"

"കെട്ടിയിട്ടില്ലെങ്കിൽ അതലഞ്ഞുതിരിഞ്ഞ് പിന്നെ കാണാതെയാവില്ലേ?" ഞാൻ ചോദിച്ചു.

എന്റെ ചങ്ങാതിക്കു പിന്നെയും ചിരി പൊട്ടി:

"അതെങ്ങോട്ടു പോകുമെന്നാണു പറയുന്നത്?"

"എങ്ങോട്ടും. നേരേ മുന്നിൽ കാണുന്നിടത്ത്."

അപ്പോൾ എന്നെ സമാധാനിപ്പിക്കുന്ന പോലെ ലിറ്റിൽ പ്രിൻസ് പറഞ്ഞു:

"അതു പേടിക്കേണ്ട. ഞാൻ താമസിക്കുന്നിടത്ത് സകലതും തീരെ ചെറുതാണ്!"

എന്നിട്ട്, നേരിയ വിഷാദത്തോടെയെന്ന് എനിക്കു തോന്നി, അവൻ കൂട്ടിച്ചേർത്തു:

"നേരേ മുന്നിലേക്കു പോയാൽ ആർക്കും അത്രയധികം ദൂരം പോകാൻ പറ്റില്ല..."

## നാല്

അങ്ങനെയാണ് സുപ്രധാനമായ രണ്ടാമതൊരു വസ്തുത ഞാൻ മനസ്സിലാക്കുന്നത്: ലിറ്റിൽ പ്രിൻസിന്റെ സ്വദേശമായ ഗ്രഹത്തിന് ഒരു വീടിനുള്ളത്ര വലിപ്പമേയുള്ളൂ!

അതു പക്ഷേ, എന്നെ അത്രയ്ക്കങ്ങു വിസ്മയിപ്പിച്ചു എന്നു പറയാനുമില്ല. നാം പേരിട്ടു വിളിക്കുന്ന ഭൂമി, വ്യാഴം, ചൊവ്വ, വെള്ളി തുടങ്ങിയ മഹാഗ്രഹങ്ങൾക്കൊപ്പം വേറെയും നൂറു കണക്കിനു ഗ്രഹങ്ങളുണ്ടെന്ന് എനിക്കറിയാമായിരുന്നു; അവയിൽ ചിലതാകട്ടെ, ദൂരദർശിനിയിൽക്കൂടി നോക്കിയാല്പോലും കണ്ണിൽ പെടാത്തവയും. അവയിലൊന്നിനെ കണ്ടുപിടിച്ചാൽ വാനശാസ്ത്രജ്ഞൻ അവയ്ക്കു നല്കുന്നത് പേരല്ല, ഒരു നമ്പരാണ്. അയാൾ അതിനെ, ഒരുദാഹരണം പറഞ്ഞാൽ, 'ഛിന്നഗ്രഹം 325' എന്നായിരിക്കും വിളിക്കുക. ലിറ്റിൽ പ്രിൻസ് വന്നത് ബി-612 എന്നറിയപ്പെടുന്ന ഛിന്നഗ്രഹത്തിൽ നിന്നാണെന്ന് എനിക്കു ബലമായ സംശയമുണ്ട്.

ഈ ഛിന്നഗ്രഹത്തെ ഒരിക്കൽ മാത്രമേ ദൂരദർശിനിയിലൂടെ കണ്ടിട്ടുള്ളൂ. 1909-ൽ തുർക്കിക്കാരനായ ഒരു വാനനിരീക്ഷകനാണ് അതിനെ കണ്ടെത്തിയത്.

ജ്യോതിശാസ്ത്രജ്ഞന്മാരുടെ അന്താരാഷ്ട്രസംഘടനയ്ക്കു മുന്നിൽ എല്ലാ തെളിവുകളോടെയും അദ്ദേഹം തന്റെ കണ്ടുപിടുത്തം അവതരിപ്പിച്ചുവെങ്കിലും ആരും അതു വിശ്വസിക്കാൻ തയാറായില്ല; കാരണം അദ്ദേഹം ധരിച്ചിരുന്നത് തുർക്കിക്കാരുടെ വേഷമായിരുന്നു.



മുതിർന്നവർ അങ്ങനെയാണ്...

പക്ഷേ, ഛിന്നഗ്രഹം ബി-612ന്റെ ഭാഗ്യത്തിന് പിന്നീടു തുർക്കി ഭരിച്ച ഒരു സ്വേച്ഛാധിപതി ജീവൻ വേണമെങ്കിൽ സർവരും യൂറോപ്യൻ വേഷത്തിലേക്കു മാറിക്കോളണമെന്ന് ഉത്തരവിട്ടു. അങ്ങനെ 1920-ൽ നമ്മുടെ വാനനിരീക്ഷകൻ കോട്ടും സൂട്ടും ടൈയുമൊക്കെയായി രണ്ടാമതും തന്റെ കണ്ടുപിടുത്തം അവതരിപ്പിച്ചു. എല്ലാവരും അദ്ദേഹത്തിന്റെ റിപ്പോർട്ട് കൈയടിച്ചു സ്വീകരിക്കുകയും ചെയ്തു.

ആ ഛിന്നഗ്രഹത്തെക്കുറിച്ച് ഇത്രയും വിശദാംശങ്ങൾ ഞാൻ പറഞ്ഞതും അതിന്റെ നമ്പറിനെക്കുറിച്ചു പ്രത്യേകം പരാമർശിച്ചതും മുതിർന്നവരുടെ സ്വഭാവം മനസ്സിൽ വച്ചുകൊണ്ടാണ്. ഒരു പുതിയ കൂട്ടുകാരനെ കിട്ടിയെന്ന് നിങ്ങൾ ചെന്നു പറയുമ്പോൾ അവനെക്കുറിച്ചുള്ള പ്രധാനപ്പെട്ട കാര്യങ്ങളൊന്നുമല്ല അവർക്കറിയേണ്ടത്. "അവന്റെ ശബ്ദം കേൾക്കാനെങ്ങനെ? ഏതു കളിയാണ് അവന് ഏറ്റവും ഇഷ്ടം? അവൻ പൂമ്പാറ്റകളെ ശേഖരിക്കാറുണ്ടോ" എന്നൊന്നും അവർ ചോദിക്കില്ല. പകരം അവർ ആവശ്യപ്പെടുകയാണ്: "എന്താണവന്റെ പ്രായം? അവന് എത്ര ചേട്ടാനിയന്മാരുണ്ട്? അവന്റെ ഭാരമെന്ത്? അവന്റെ അച്ഛൻ എത്ര കാശുണ്ടാക്കുന്നു?" ഈ തരം ചോദ്യങ്ങൾക്കുത്തരമായിക്കിട്ടുന്ന അക്കങ്ങളിലൂടെയാണ് തങ്ങൾ അവനെക്കുറിച്ചു മനസ്സിലാക്കുന്നത് എന്നാണവരുടെ ഭാവം.



മുതിർന്നവരോട് നിങ്ങൾ ഇങ്ങനെയൊന്നു പറയുകയാണെന്നിരിക്കട്ടെ: "ഇളംചുവപ്പുനിറത്തിലുള്ള ഇഷ്ടിക കൊണ്ടു കെട്ടിയതും ജനാലപ്പടികളിൽ ജറേനിയം ചെടികളും മേല്പുരയിൽ മാടപ്രാവുകളുമുള്ള മനോഹരമായ ഒരു വീടു ഞാൻ കണ്ടു." ആ വീടിനെക്കുറിച്ച് ഒരു ധാരണയും അവർക്കു കിട്ടില്ല. "20000 ഡോളർ മതിപ്പുള്ള ഒരു വീടു ഞാൻ കണ്ടു." എന്നു നിങ്ങൾ അവരോടു പറയണം. അപ്പോൾ അവർ ഇങ്ങനെ അത്ഭുതം കൂറും: "ഹാ, എത്ര സുന്ദരമായൊരു വീടാണത്!"

അതേപ്രകാരം, നിങ്ങൾ അവരോടു പറഞ്ഞുവെന്നു വയ്ക്കുക: "ലിറ്റിൽ പ്രിൻസ് എന്നൊരാൾ ഉണ്ടായിരുന്നു എന്നതിനു തെളിവ് അവൻ സുന്ദരനായിരുന്നു, അവന്റെ ചിരി മനോഹരമായിരുന്നു, അവൻ ഒരാടിനെ അന്വേഷിച്ചു നടന്നിരുന്നു എന്നതാണ്. ഒരാൾക്കു ചെമ്മരിയാടിനെ വേണമെന്ന് ആഗ്രഹം തോന്നിയാൽ അതു മതി, അങ്ങനെയൊരാൾ ഉണ്ടെന്നതിനു തെളിവായി." ഇതു പക്ഷേ, അവരോടു പറഞ്ഞിട്ടെന്തു പ്രയോജനം കിട്ടാൻ? അവർ തോളു വെട്ടിക്കുകയേയുള്ളൂ; നിങ്ങൾ വെറും ശിശുവാണെന്നും അവർ പറയും. അതേ സമയം "ഛിന്നഗ്രഹം നമ്പർ ബി-612ൽ നിന്നാണ് അവൻ വന്നത്" എന്നു പറഞ്ഞു നോക്കൂ; അവർക്കപ്പോൾ എല്ലാം ബോദ്ധ്യമായിക്കഴിഞ്ഞു; അവർ പിന്നെ ചോദ്യങ്ങളുമായി നിങ്ങളെ അലട്ടാൻ വരികയുമില്ല.

അവർ അങ്ങനെയാണ്. എന്നുവച്ച് നിങ്ങളതു മനസ്സിൽ കൊണ്ടുനടക്കുകയും വേണ്ട. മുതിർന്നവരല്ലേ എന്നു കരുതി അതങ്ങു ക്ഷമിച്ചുകൊടുത്തേക്കുക.

എന്നാൽ ജീവിതം എന്തെന്നറിയാവുന്ന നാം അക്കങ്ങളെ കാര്യമായിട്ടെടുക്കുന്നേയില്ല. ഈ കഥ യക്ഷിക്കഥകളുടെ മട്ടിൽ പറഞ്ഞുതുടങ്ങാനായിരുന്നു എനിക്കിഷ്ടം. എങ്ങനെയെന്നാൽ: "ഒരിക്കൽ ഒരിടത്ത് ഒരു ലിറ്റിൽ പ്രിൻസ് ഉണ്ടായിരുന്നു; അവനോളം പോലുമില്ലാത്ത ഒരു ഗ്രഹത്തിലാണ് അവൻ താമസിച്ചിരുന്നത്; ഒരു ചെമ്മരിയാട് അവന്റെ വലിയൊരു ആഗ്രഹമായിരുന്നു..."

അങ്ങനെയൊരു തുടക്കം നല്കിയിരുന്നെങ്കിൽ ജീവിതം എന്തെന്നു മനസ്സിലാകുന്നവർക്ക് എന്റെ കഥയുടെ യാഥാർത്ഥ്യം ഒന്നുകൂടി ബോദ്ധ്യപ്പെടുമായിരുന്നു.

എന്റെ പുസ്തകം അലക്ഷ്യമായി വായിക്കപ്പെടരുതെന്നാണ് എന്റെ ആഗ്രഹം. ഈ ഓർമ്മകൾ പകർത്തി വയ്ക്കാനായി കണക്കിലധികം മനഃക്ലേശം ഞാൻ അനുഭവിച്ചുകഴിഞ്ഞു. എന്റെ ചങ്ങാതി തന്റെ ചെമ്മരിയാടുമായി എന്നെ പിരിഞ്ഞുപോയിട്ട് ആറു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഇന്ന് ഞാൻ ഈ കഥ വിവരിക്കുന്നത് ഞാൻ അവനെ മറക്കില്ല എന്നുറപ്പു വരുത്താനാണ്. ഒരു സ്നേഹിതനെ മറക്കുക എന്നു പറഞ്ഞാൽ എത്ര ഖേദകരമാണത്. എല്ലാവർക്കും സ്നേഹിതന്മാരെ കിട്ടിക്കോളണമെന്നുമില്ല. ഞാൻ അവനെ മറക്കുക എന്നു വന്നാൽ അക്കങ്ങളിലല്ലാതെ മറ്റൊന്നിലും താല്പര്യമില്ലാത്ത മുതിർന്നവരെപ്പോലെയായി ഞാനും എന്നാണ് അതിനർത്ഥം...

അങ്ങനെയൊരുദ്ദേശ്യം മനസ്സിൽ വച്ചുകൊണ്ടാണ് ഞാൻ പോയി ഒരു പെട്ടി ചായവും കുറേ പെൻസിലും വാങ്ങിയത്. എന്റെ പ്രായത്തിൽ വരയ്ക്കാൻ തുടങ്ങുക എന്നത് വളരെ ദുഷ്കരമായ കാര്യമാണ്; ആറു വയസ്സുള്ളപ്പോൾ പെരുമ്പാമ്പിന്റെ അകവും പുറവും വരച്ചതല്ലാതെ മുൻപരിചയവും എനിക്കില്ലല്ലോ. എന്നാലുംകൂടി കഴിയുന്നത്ര വിശ്വസ്തമായി എന്റെ ദൗത്യം നിർവഹിക്കാൻ ഞാൻ ശ്രമിക്കാം. അതിൽ വിജയം കാണുമെന്ന് എനിക്കത്ര വലിയ ഉറപ്പുമില്ല. ഒരു ചിത്രം കുറേയൊക്കെ ഭേദമായിരുന്നു; രണ്ടാമതൊന്നു വരച്ചതാകട്ടെ, വിഷയവുമായി ഒരു സാദൃശ്യവുമില്ലാതെപോയി. ലിറ്റിൽ പ്രിൻസിന്റെ ഉയരത്തിന്റെ കാര്യത്തിലും എനിക്കു പിശകു പറ്റുന്നു: ഒന്നിൽ പൊക്കം കൂടുതലാണെങ്കിൽ മറ്റൊന്നിൽ അവനു പൊക്കം തീരെ കുറഞ്ഞുപോകുന്നു. അവന്റെ വേഷത്തിന്റെ നിറത്തിലും എനിക്കു ചില സംശയങ്ങളുണ്ട്. അതിനാൽ എന്നെക്കൊണ്ടാവുന്നത്ര ഭംഗിയായി, ചിലപ്പോൾ നന്നായും ചിലപ്പോൾ മോശമായും, തപ്പിത്തടഞ്ഞു ഞാൻ മുന്നോട്ടു പോകുന്നു...

സുപ്രധാനമായ മറ്റു ചില വിശദാംശങ്ങളിലും ഞാൻ പിശകുകൾ വരുത്തുന്നുണ്ട്. അതു പക്ഷേ, എന്റെ പിഴ കൊണ്ടല്ല. എന്റെ സ്നേഹിതൻ യാതൊന്നും എനിക്കു വിശദീകരിച്ചു തന്നിരുന്നില്ല. ഞാൻ അവനെപ്പോലെ തന്നെയാണെന്ന് അവൻ വിചാരിച്ചിരുന്നിരിക്കണം. എനിക്കുണ്ടോ പെട്ടികളുടെ തുളകളിലൂടെ നോക്കി ഉള്ളിലുള്ള ചെമ്മരിയാടിനെ കാണാനറിയുന്നു! ഞാനും കുറേശ്ശേ മുതിർന്നവരെപ്പോലെയായിട്ടുണ്ടാവും. എനിക്കും പ്രായം കൂടിവരികയല്ലേ.

## അഞ്ച്

ഓരോ ദിവസവും ഞങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളിൽ നിന്ന് ലിറ്റിൽ പ്രിൻസിനെക്കുറിച്ചുള്ള വിവരങ്ങൾ എനിക്കു കിട്ടിത്തുടങ്ങി: അവന്റെ സ്വദേശമായ ഗ്രഹത്തെക്കുറിച്ച്, അവിടെ നിന്നും അവൻ വിട്ടുപോന്നതിനെക്കുറിച്ച്, അവന്റെ യാത്രയെക്കുറിച്ച്. അതു പോലും പക്ഷേ, വളരെ സാവധാനമാണു കിട്ടിയിരുന്നത്. അങ്ങനെയാണ് ബയോബാബുകൾ വരുത്തിയ വിപത്തിനെക്കുറിച്ച് മൂന്നാം ദിവസം ഞാൻ അറിയുന്നത്.

ഇത്തവണയും ഞാൻ നന്ദി പറയേണ്ടത് ചെമ്മരിയാടിനോടു തന്നെയാണ്. അന്നു പെട്ടെന്നാണ് ലിറ്റിൽ പ്രിൻസ് എന്നോടു ചോദിക്കുന്നത്—എന്തോ ഗൗരവമേറിയ സംശയം തന്നെ പിടിച്ചുലച്ച പോലെ: “ചെമ്മരിയാടുകൾ കുറ്റിച്ചെടികൾ തിന്നുമെന്നുള്ളതു ശരിയല്ലേ?”

“അതെ, അതു ശരിയാണ്.”

“ഹാവൂ! എനിക്കു സന്തോഷമായി!”

ചെമ്മരിയാടുകൾ കുറ്റിച്ചെടികൾ തിന്നുന്നതിൽ എന്താണിത്ര പ്രാധാന്യമെന്ന് എനിക്കു പിടി കിട്ടിയില്ല. അപ്പോഴാണ് ലിറ്റിൽ പ്രിൻസ് ചോദിക്കുന്നത്:

“എന്നു പറഞ്ഞാൽ അവ ബയോബാബുകളും തിന്നില്ലേ?”

ബയോബാബുകൾ കുറ്റിച്ചെടികളല്ല, കോട്ടകൾ പോലത്തെ കൂറ്റൻ മരങ്ങളാണെന്ന് ഞാൻ അവനു പറഞ്ഞുകൊടുത്തു; ഇനി ഒരാനപ്പറ്റത്തെത്തന്നെ അവൻ കൂട്ടിക്കൊണ്ടു പോയാലും ഒരൊറ്റ ബയോബാബു തിന്നുതീർക്കാൻ അവയ്ക്കു കഴിയില്ലെന്നും ഞാൻ പറഞ്ഞു മനസ്സിലാക്കി.

ആനപ്പറ്റത്തെപ്പറ്റി പറഞ്ഞപ്പോൾ ലിറ്റിൽ പ്രിൻസിനു ചിരി പൊട്ടി.

“അവയെ ഒന്നിനു മുകളിലൊന്നായി അടുക്കിവയ്ക്കേണ്ടി വരും,” അവൻ പറഞ്ഞു.



അപ്പോഴാണ് അവന്റെ ബുദ്ധി പുറത്തു വരുന്നത്:

“അത്ര വലുതായി വളരുന്നതിനു മുമ്പ് ബയോബാബുകൾ കുഞ്ഞുതൈകളായിരിക്കുമല്ലോ?”

“തികച്ചും ശരിയാണത്,” ഞാൻ പറഞ്ഞു. “അല്ല, ആട്ടിന്റെ ബയോബാബു തൈകൾ തിന്നണമെന്നു നിനക്കു തോന്നാനെന്താ കാരണം?”

അവന്റെ മറുപടി പെട്ടെന്നായിരുന്നു. “ഓ, അതു വിടെന്നേ!” അതിൽ കൂടുതൽ എന്തു വ്യക്തമാക്കാനെന്ന മട്ടിൽ അവൻ പറഞ്ഞു. അവനിൽ നിന്നൊരു സഹായം കിട്ടില്ലെന്നു വന്നതോടെ ആ പ്രശ്നത്തിനു തൃപ്തികരമായ ഒരുത്തരം കണ്ടെത്താൻ എനിക്കു മനസ്സു നല്ലവണ്ണം പ്രവർത്തിപ്പിക്കേണ്ടി വന്നു.

മറ്റേതു ഗ്രഹത്തിലുമെന്ന പോലെ ലിറ്റിൽ പ്രിൻസിന്റെ ഗ്രഹത്തിലും നല്ല ചെടികളും ചീത്തച്ചെടികളുമുണ്ടെന്ന് ഞാൻ മനസ്സിലാക്കി. നല്ല ചെടികളിൽ നിന്ന് നല്ല വിത്തുകളും ചീത്തച്ചെടികളിൽ നിന്ന് ചീത്ത വിത്തുകളും ഉണ്ടാകണമല്ലോ. വിത്തുകൾ പക്ഷേ, അദൃശ്യമായിരിക്കും. ഭൂഗർഭത്തിൽ അവ ഗാഢനിദ്രയിലായിരിക്കും; അപ്പോഴാണ് അതിലൊന്ന് ഇനിയുണരാമെന്ന് പെട്ടെന്നങ്ങു തീരുമാനിക്കുക. ആ കുഞ്ഞുവിത്ത് മൂരി നിവരുന്നു, സൂര്യനു നേർക്കു പതുക്കെ ഒരു തളിരില നീട്ടുന്നു. അതൊരു മുള്ളങ്കിയുടെ മുളയോ റോസാച്ചെടിയുടെ തൈയോ ആണെങ്കിൽ അതവിടെ നിന്നു വളരട്ടേയെന്നേ ആരും പറയൂ. മറിച്ച് അതൊരു കളയാണെങ്കിൽ കഴിയുന്നത്ര വേഗം, കണ്ട നിമിഷം തന്നെ, അതിനെ പറിച്ചെടുത്തു നശിപ്പിക്കേണ്ടതുമാകുന്നു.

ലിറ്റിൽ പ്രിൻസിന്റെ ഗ്രഹത്തിലും അമ്മാതിരി ചില അന്തകവിത്തുകൾ ഉണ്ടായിരുന്നു; ബയോബാബു മരങ്ങളുടെ വിത്തുകളാണവ. ആ ഗ്രഹത്തിലെ മണ്ണു നിറയെ അതായിരുന്നു. ഇടപെടാൻ വൈകിപ്പോയാൽ പിന്നെ കാര്യങ്ങൾ കൈ വിട്ടുപോകുന്ന തരമാണ് ഈ ബയോബാബ് മരം. ഗ്രഹം മൊത്തം അവ വളർന്നുപടരും. വേരുകൾ കൊണ്ടതു തുളച്ചിറങ്ങും. ഗ്രഹം തീരെച്ചെറുതും ബയോബാബുകൾ വളരെയധികവുമാണെങ്കിൽ അതു പൊട്ടിത്തെറിക്കുകയും ചെയ്യും.

“അതൊരു നിഷ്ഠയുടെ കാര്യമാണ്,” ലിറ്റിൽ പ്രിൻസ് പിന്നീടെന്നോടു പറഞ്ഞു. “പ്രഭാതത്തിൽ സ്വന്തം ദേഹം വൃത്തിയാക്കിക്കഴിഞ്ഞാൽ പിന്നെ എന്റെ ഗ്രഹം വൃത്തിയാക്കേണ്ട നേരമാകുന്നു. കണ്ടാൽ റോസാച്ചെടിയുടെ തൈ പോലിരിക്കുന്ന ബയോബാബുകൾ തല പൊക്കുന്ന നിമിഷം തന്നെ അവ പിഴുതെടുത്തു കളയണം. ക്ഷീണിപ്പിക്കുമെങ്കിലും എളുപ്പം ചെയ്യാവുന്ന പണിയുമാണത്.”

പിന്നൊരിക്കൽ അവൻ എന്നോടു പറയുകയാണ്: “നിങ്ങൾ നല്ലൊരു ചിത്രം വരയ്ക്കണം; നിങ്ങൾ താമസിക്കുന്നിടത്തെ കുട്ടികളും കാര്യം മനസ്സിലാക്കട്ടെ. എന്നെങ്കിലും യാത്ര ചെയ്യേണ്ടി വരികയാണെങ്കിൽ അവർക്കതുപയോഗപ്പെടും. ഇന്നത്തെ ജോലി മറ്റൊരു ദിവസത്തേക്കു മാറ്റിവയ്ക്കുന്നത് ചിലപ്പോഴൊക്കെ സൗകര്യപ്രദമാണെന്നു വരാം. ബയോബാബുകളുടെ കാര്യത്തിൽ അങ്ങനെ ചെയ്യുന്നത് ആപത്തു ക്ഷണിച്ചുവരുത്തുകയാണ്. ഒരു കുഴിമടിയൻ താമസിച്ചിരുന്ന ഒരു ഗ്രഹം എനിക്കറിയാം. മൂന്നു കുറ്റിച്ചെടികൾ വളർന്നുവരുന്നത് അയാൾ അത്ര കാര്യമാക്കിയില്ല...”

ലിറ്റിൽ പ്രിൻസിന്റെ വിവരണം അനുസരിച്ച് ഞാൻ ആ ഗ്രഹത്തിന്റെ ഒരു ചിത്രം വരച്ചുണ്ടാക്കി. ഒരുപദേശിയുടെ സ്വരത്തിൽ സംസാരിക്കാൻ എനിക്കൊട്ടും താല്പര്യമില്ല; എന്നാലും ഞാൻ പറയട്ടെ, ബയോബാബുകൾ ഉണ്ടാക്കുന്ന വിപത്തിനെക്കുറിച്ച് ആരും ഇതു വരെ ബോധവാന്മാരായിട്ടില്ല. അതിനാൽ കുട്ടികളേ, ബയോബാബുകളെ കരുതിയിരിക്കുക.

എന്റെ സ്നേഹിതന്മാരും എന്നെപ്പോലെ തന്നെ കുറേക്കാലം ഈ അപകടം കണ്ടില്ലെന്നു നടിച്ചു നടന്നു. അതിനാൽ അവർക്കു വേണ്ടിയാണ് ഈ ചിത്രം ഇത്ര ക്ലേശിച്ചു ഞാൻ വരച്ചത്. ഇതു വഴി ഞാൻ പകർന്നു നല്കാൻ ഉദ്ദേശിക്കുന്ന സന്ദേശം എന്റെ ബുദ്ധിമുട്ടിനു മതിയായ പ്രതിഫലമാണെന്നു ഞാൻ കരുതുന്നു.

നിങ്ങൾ ചോദിച്ചേക്കും, “ബയോബാബുകളുടെ ചിത്രം പോലെ അത്ര ഗംഭീരവും മനസ്സിൽ തറയ്ക്കുന്നതുമായ വേറേ ചിത്രങ്ങൾ പുസ്തകത്തിൽ കാണാത്തതെന്തുകൊണ്ടാണ്?”

അതിനുള്ള മറുപടി ലളിതമാണ്. ഞാൻ ശ്രമിച്ചിരുന്നു. പക്ഷേ, മറ്റുള്ളവയുടെ കാര്യത്തിൽ ഞാൻ അത്ര വിജയിച്ചില്ല. എന്റെ കഴിവിനുമപ്പുറം ശ്രമിക്കാൻ എന്നെ പ്രേരിപ്പിച്ചത് ഒരാവശ്യകതയുടെ അടിയന്തിരപ്രാധാന്യമായിരുന്നു.

## ആറ്

ലിറ്റിൽ പ്രിൻസ്! നിന്റെ ദാരുണമായ കുഞ്ഞുജീവിതത്തിന്റെ വിശദാംശങ്ങൾ ക്രമേണ ഞാൻ അറിഞ്ഞത് ഈ വിധമായിരുന്നു. കുറേക്കാലത്തേക്ക് നിന്റെ ആകെയുള്ള വിനോദം സൂര്യാസ്തമയം നോക്കിയിരിക്കൽ മാത്രമായിരുന്നു. ഈ പുതിയ കാര്യം ഞാൻ അറിയുന്നത് നാലാം ദിവസം കാലത്താണ്. അന്നു നീ പറഞ്ഞു:

“അസ്തമയങ്ങൾ എനിക്കു വളരെ ഇഷ്ടമാണ്. വരൂ, നമുക്കൊരസ്തമയം കാണാൻ പോകാം.”

“പക്ഷേ, അതിനു സമയമാവേണ്ടേ?” ഞാൻ ചോദിച്ചു.

“ഏതിന്?”

“സൂര്യൻ അസ്തമിക്കാൻ.”

ആദ്യം നീ വല്ലാതെ അമ്പരന്നതായി എനിക്കു തോന്നി; പിന്നെ നീ പൊട്ടിച്ചിരിച്ചു. നീ പറഞ്ഞു:

“ഞാൻ ഇപ്പോഴും നാട്ടിലാണെന്നു വിചാരിച്ചുപോയി!”

അതിൽ തെറ്റില്ല. അമേരിക്കയിൽ നട്ടുച്ചയായിരിക്കുമ്പോൾ ഫ്രാൻസിൽ അസ്തമയമായിരിക്കുമെന്ന് ആർക്കുമറിയാം.

ഒറ്റ മിനുട്ടു കൊണ്ട് ഫ്രാൻസിലേക്കു പറക്കാൻ പറ്റിയാൽ നട്ടുച്ചയിൽ നിന്നു നിങ്ങളെത്തുന്നത് അസ്തമയത്തിലേക്കായിരിക്കും. കഷ്ടകാലത്തിനു പക്ഷേ, ഫ്രാൻസ് വളരെ ദൂരത്തായിപ്പോയി. എന്നാൽ നിന്റെ ഗ്രഹത്തിൽ, ലിറ്റിൽ പ്രിൻസ്, നിനക്കു കസേര രണ്ടുമൂന്നടി പിന്നിലേക്കു മാറ്റിയിട്ടാൽ മതി. ഇഷ്ടമുള്ളപ്പോഴൊക്കെ പകലസ്തമിക്കുന്നതും കണ്ടു നിനക്കിരിക്കാം...

“അന്നൊരു ദിവസം ഞാൻ നാല്പത്തിനാല് അസ്തമയങ്ങൾ കണ്ടു!”

അല്പനേരം കഴിഞ്ഞു നീ പറഞ്ഞു:

“മനസ്സു സങ്കടപ്പെട്ടുമ്പോഴാണ് അസ്തമയം മനോഹരമാവുക...”

“നാല്പത്തിനാല് അസ്തമയങ്ങൾ കണ്ട ദിവസം,” ഞാൻ ചോദിച്ചു, “നിന്റെ മനസ്സിൽ അത്ര സങ്കടമുണ്ടായിരുന്നോ?”

പക്ഷേ, ലിറ്റിൽ പ്രിൻസ് അതിനു മറുപടി പറഞ്ഞില്ല.

# ഏഴ്

അഞ്ചാമത്തെ ദിവസം—ആ ചെമ്മരിയാടാണ് ഇവിടെയും എന്നെ സഹായിച്ചത്—ലിറ്റിൽ പ്രിൻസിന്റെ ജീവിതത്തിലെ മറ്റൊരു രഹസ്യം എനിക്കു വെളിപ്പെട്ടുകിട്ടി. പെട്ടെന്ന്, ഒരു മുഖവുരയുമില്ലാതെ, ഏറെക്കാലത്തെ മൗനധ്യാനത്തിനു വിധേയമായൊരു പ്രശ്നത്തിൽ നിന്നുയർന്നു വന്നതാണതെന്ന പോലെ, അവൻ ചോദിച്ചു:

“ചെമ്മരിയാടിന് കുറ്റിച്ചെടികൾ തിന്നാമെങ്കിൽ അതിനു പൂക്കളും തിന്നുകൂടേ?”

“ആടുകൾ കൈയിൽ കിട്ടുന്നതെന്തും കഴിക്കും,” ഞാൻ പറഞ്ഞു.

“മുള്ളുള്ള പൂക്കളും?”

“അതെ. മുള്ളുള്ള പൂക്കളും.”

“അപ്പോൾ പിന്നെ മുള്ളുകൾ കൊണ്ടെന്താ ഗുണം?”

അതെനിക്കറിയില്ലായിരുന്നു. ആ സമയത്ത് ഞാൻ എഞ്ചിനിൽ നിന്ന് ഒരു ബോൾട്ട് ഊരിയെടുക്കാനുള്ള ശ്രമത്തിലായിരുന്നു. എന്റെ വേവലാതി കൂടിവരികയായിരുന്നു; കാരണം, എന്റെ വിമാനത്തിന്റെ തകരാറ് അത്രയെളുപ്പം പരിഹരിക്കാവുന്നതല്ലെന്ന് തെളിഞ്ഞു വരികയായിരുന്നു; ദാഹിച്ചു മരിക്കേണ്ടി വരുമെന്നുള്ള ഘട്ടത്തിലേക്കു കൈയിലുള്ള വെള്ളം കുറയുകയും.

“മുള്ളുകൾ കൊണ്ടെന്താ ഗുണം?”

ലിറ്റിൽ പ്രിൻസ് ഒരു ചോദ്യം ചോദിച്ചാൽ അതിനൊരുത്തരം കിട്ടാതെ അവൻ വിടില്ല. ഞാനാണെങ്കിൽ ആ ബോൾട്ടിന്റെ കാര്യത്തിൽ വെറി പിടിച്ചു നില്ക്കുകയായിരുന്നു. അധികം ആലോചിക്കാൻ നില്ക്കാതെ ഞാൻ പറഞ്ഞു:

“മുള്ളുകൾ കൊണ്ട് ഒരുപയോഗവുമില്ല. പൂക്കൾക്കു വിദ്വേഷം കാണിക്കാനുള്ള വഴിയാണത്!”

“അയ്യോ!” ഒരു നിമിഷം അവൻ ഒന്നും മിണ്ടിയില്ല; എന്നിട്ടവൻ ഒരുതരം അമർഷത്തോടെ എന്റെ നേർക്ക് ആഞ്ഞടിച്ചു:

“നിങ്ങൾ പറഞ്ഞതു ഞാൻ വിശ്വസിക്കുന്നില്ല! പൂക്കൾ തീരെ ദുർബലരാണ്. അവർ ശുദ്ധരുമാണ്. ആത്മവിശ്വാസം കിട്ടാൻ വേണ്ടി അവർ ഓരോ വഴി നോക്കുന്നുവെന്നേയുള്ളു. തങ്ങളുടെ മുള്ളുകൾ കണ്ടാൽ ആരും പേടിച്ചുപോകുമെന്നാണ് അവർ കരുതുന്നത്...”

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. ആ സമയം ഞാൻ മനസ്സിൽ പറയുകയായിരുന്നു: “ഇപ്പോൾ ഈ ബോൾട്ട് ഊരിപ്പോന്നില്ലെങ്കിൽ ഞാനത് ചുറ്റിക വച്ച് അടിച്ചിളക്കാൻ പോവുകയാണ്.” ലിറ്റിൽ പ്രിൻസ് പിന്നെയും എന്റെ ചിന്തയ്ക്കു തടയിട്ടു:

“നിങ്ങൾ ശരിക്കും വിശ്വസിക്കുന്നുണ്ടോ, പൂക്കൾ...”

“അയ്യോ, ഇല്ല!” ഞാൻ വിളിച്ചുപറഞ്ഞു. “ഇല്ല, ഇല്ല, ഇല്ല! ഞാൻ ഒന്നിലും വിശ്വസിക്കുന്നില്ല. മനസ്സിൽ അപ്പോൾ വന്നതു ഞാൻ വിളിച്ചുപറഞ്ഞുവെന്നേയുള്ളു. ഞാൻ ഗൗരവമുള്ള ഒരു കാര്യം ചെയ്യുകയാണെന്നു നിനക്കു കണ്ടുകൂടേ!”

അവൻ അമ്പരപ്പോടെ എന്നെ മിഴിച്ചുനോക്കി.

“ഗൗരവമുള്ള കാര്യം!”

കൈയിൽ ഒരു ചുറ്റികയും ഗ്രീസു പുരണ്ട വിരലുകളുമായി, കാണാൻ ഭംഗിയില്ലാത്തതെന്ന് അവനു തോന്നിയ ഒരു വസ്തുവിനെ കുനിഞ്ഞു നോക്കിക്കൊണ്ടു നില്ക്കുകയാണു ഞാൻ.

“മുതിർന്നവരെപ്പോലെയാണ് നിങ്ങൾ സംസാരിക്കുന്നത്!”

അതു കേട്ടപ്പോൾ ഞാനൊന്നു ചൂളി. പക്ഷേ, അവൻ വിടുന്നില്ല:

“നിങ്ങൾ സകലതും കൂട്ടിക്കുഴയ്ക്കുകയാണ്... നിങ്ങൾക്ക് യാതൊന്നിന്റെയും വാലും തുമ്പും പിടി കിട്ടുന്നില്ല...”

അവനു ശരിക്കും കോപം വന്നിരിക്കയാണ്. അവന്റെ സ്വർണ്ണമുടി ഇളംകാറ്റിലിളകി.

“മുഖം ചുവന്നുതുടുത്ത ഒരാൾ താമസിക്കുന്ന ഒരു ഗ്രഹം എനിക്കറിയാം. അയാൾ ഇന്നേ വരെ ഒരു പൂവു മണത്തിട്ടില്ല, ഒരു നക്ഷത്രത്തെ കണ്ണെടുത്തു നോക്കിയിട്ടില്ല, ഒരാളെയും സ്നേഹിച്ചിട്ടില്ല. കണക്കു കൂട്ടുകയല്ലാതെ ജീവിതത്തിൽ ഒരു വസ്തു അയാൾ ചെയ്തിട്ടില്ല. ദിവസം മുഴുവൻ അയാൾ പറഞ്ഞുകൊണ്ടിരിക്കുന്നതാകട്ടെ, നിങ്ങൾ ഇപ്പോൾ പറഞ്ഞതു തന്നെ: ‘ഞാൻ ഗൗരവമുള്ള ഒരു കാര്യം ചെയ്യുകയാണ്!’ എന്നിട്ട് അഭിമാനം കൊണ്ട് അയാൾ സ്വയം ഊതിവീർപ്പിക്കും. പക്ഷേ, ഞാൻ ഇപ്പറഞ്ഞയാൾ മനുഷ്യനൊന്നുമല്ല—ഒരു കൂൺ!”

“ഒരു എന്താണെന്നാ പറഞ്ഞത്?”

“ഒരു കൂൺ!”

ലിറ്റിൽ പ്രിൻസിന്റെ മുഖം രോഷം കൊണ്ടു വിളർത്തിരുന്നു.

“പൂക്കൾക്കു മുള്ളുകളുണ്ടായിട്ട് ലക്ഷക്കണക്കിനു വർഷങ്ങളായി. എന്നിട്ടും ലക്ഷക്കണക്കിനു വർഷങ്ങളായി ആടുകൾ അവ തിന്നൊടുക്കുന്നു. പ്രയോജനമില്ലെങ്കിലും എന്തിനാണു പൂക്കൾക്കു മുള്ളുകൾ വളരുന്നതെന്നു മനസ്സിലാക്കാൻ ശ്രമിക്കുക പ്രധാനപ്പെട്ട കാര്യമല്ലേ? ആടുകളും പൂക്കളും തമ്മിലുള്ള നിരന്തരയുദ്ധം, അതു പ്രധാനപ്പെട്ട കാര്യമല്ലേ? ഒരു തുടുത്തു കൊഴുത്ത മനുഷ്യൻ കൂട്ടിക്കൂട്ടി വയ്ക്കുന്ന അക്കങ്ങളേക്കാൾ പ്രധാനപ്പെട്ട കാര്യമല്ലേ അത്? ഈ പ്രപഞ്ചത്തിൽ മറ്റെങ്ങുമില്ലാത്ത ഒരപൂർവ്വപുഷ്പം എന്റെ ഗ്രഹത്തിലുണ്ടെന്ന് എനിക്കറിയാമെന്നു വയ്ക്കുക; എന്നിട്ടൊരു പ്രഭാതത്തിൽ ഒരു കുഞ്ഞാട്, താനെന്താണു ചെയ്യുന്നതെന്നറിയാതെ, ഒറ്റക്കടി കൊണ്ട് ആ പൂവിനെ ഇല്ലാതാക്കിയാൽ—അതു പ്രധാനപ്പെട്ട കാര്യമല്ലേ?”

അവന്റെ മുഖത്ത് വിളർച്ച മാറി തുടുപ്പായിക്കഴിഞ്ഞിരുന്നു.

“ഒരാൾ ഒരു പൂവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ, കോടാനുകോടികളായ നക്ഷത്രങ്ങളിൽ അതൊന്നു മാത്രമേയുള്ളുവെങ്കിൽ, അതു പോരേ നക്ഷത്രങ്ങളെ നോക്കിനില്ക്കുമ്പോൾ അയാൾക്കു സന്തോഷം തോന്നാൻ? അയാൾ സ്വയം പറയുകയാണ്, ‘എന്റെ പൂവ് അവിടെവിടെയോ ഉണ്ട്...’ പക്ഷേ, ഒരാട് ആ പൂവു തിന്നുകയാണെങ്കിൽ അയാളെ സംബന്ധിച്ചിടത്തോളം പൊടുന്നനേ നക്ഷത്രങ്ങളൊന്നാകെ കെട്ടണഞ്ഞുപോവുകയാണ്... അതു നിങ്ങൾക്കു പ്രധാനപ്പെട്ട കാര്യമല്ല?”

അവനു പിന്നെ മറ്റൊന്നും പറയാൻ പറ്റാതെയായി. വിങ്ങിപ്പൊട്ടിവന്ന കരച്ചിൽ കാരണം വാക്കുകൾ അവന്റെ തൊണ്ടയിൽ കുടുങ്ങി.

ഇരുട്ടായിക്കഴിഞ്ഞിരുന്നു. ഞാൻ പണിയായുധങ്ങൾ താഴെയിട്ടു. ഈ നിമിഷത്തിൽ ചുറ്റികയും ബോൾട്ടുമൊക്കെ എനിക്കെന്ത്? ദാഹത്തെയും മരണത്തെയും കുറിച്ചു ഞാനെന്തിനതു്കണ്ഠപ്പെടണം? ഒരു നക്ഷത്രത്തിൽ, ഒരു ഗ്രഹത്തിൽ, എന്റെ ഗ്രഹത്തിൽ, ഈ ഭൂമിയിൽ ഒരു കുഞ്ഞുരാജകുമാരന് സാന്ത്വനം വേണം. ഞാനവനെ കൈകളിലെടുത്തു താരാട്ടി. ഞാൻ പറഞ്ഞു:

“നീ സ്നേഹിക്കുന്ന ആ പൂവിന് ഒരപകടവും പറ്റില്ല. ഞാൻ നിന്റെ ആടിന് ഒരു വായ്മൂട്ടു വരച്ചിടാം. നിന്റെ പൂവിനു ചുറ്റും ഞാനൊരു വേലി വരയ്ക്കാം. ഞാൻ...” എന്തു പറയണമെന്ന് എനിക്കറിയാതെയായി. ഞാനാകെ പതറി. എങ്ങനെയാണ് അവനിലേക്കെത്തുക എന്ന്, എവിടെയാണവനെ കണ്ടെത്തുക എന്ന് എനിക്കു പിടികിട്ടിയില്ല.

വളരെ നിഗൂഢമായ ഒരിടമാണത്, കണ്ണീരിന്റെ ദേശം.

# എട്ട്

വൈകാതെ ഈ പൂവിനെക്കുറിച്ച് കൂടുതലായി ഞാനറിഞ്ഞു. ലിറ്റിൽ പ്രിൻസിന്റെ ഗ്രഹത്തിൽ പൂക്കൾ സരളസൗന്ദര്യമുള്ളവയായിരുന്നു. ഇതളുകൾ ഒരടുക്കേ ഉണ്ടാവൂ; അവയ്ക്കു നില്ക്കാൻ അല്പമിടമേ വേണ്ടൂ; ആർക്കും അവ ഒരു ശല്യമായതുമില്ല. ഒരു പ്രഭാതത്തിൽ അവ പുൽത്തട്ടിൽ പ്രത്യക്ഷപ്പെടുന്നതു കാണാം; സന്ധ്യയാവുന്നതോടെ അവ വാടിവീഴുകയും ചെയ്യും. പക്ഷേ, ഒരു ദിവസം, എവിടെ നിന്നു പാറിവന്നുവെന്നറിയാത്ത ഒരു വിത്തിൽ നിന്ന് ഒരു ചെടി നാമ്പെടുത്തു; ലിറ്റിൽ പ്രിൻസ് ആ കുഞ്ഞുനാമ്പിന്റെ വളർച്ച ശ്രദ്ധാപൂർവം നിരീക്ഷിച്ചുകൊണ്ടിരുന്നു. അവന്റെ ഗ്രഹത്തിലെ മറ്റേതു ചെടിയും പോലെയായിരുന്നില്ല അത്; അതു പുതിയൊരു തരം ബയോബാബ് ആയേക്കാനും മതി.

ചെടിയുടെ വളർച്ച പെട്ടെന്നുതന്നെ നിലച്ചു; അതു പൂവിടാനുള്ള ലക്ഷണങ്ങൾ കാണിച്ചു തുടങ്ങി. ആ മുഴുത്ത മൊട്ടിന്റെ വികാസം കണ്ടുനിന്ന കൊച്ചുരാജകുമാരന് അത്ഭുതകരമായ ഒരു മായാരൂപമാണ് അതിൽ നിന്നു പുറത്തു വരിക എന്നു തോന്നിപ്പോയി. പക്ഷേ, അതിനൊരു തിടുക്കവുമുണ്ടായില്ല; തന്റെ പച്ചിലയറയുടെ മറയിൽ അവൾ തന്റെ ചമയങ്ങൾ ഒന്നൊന്നായി എടുത്തണിഞ്ഞുകൊണ്ടിരുന്നു. എത്ര ശ്രദ്ധയോടെയാണവൾ തന്റെ നിറങ്ങൾ തിരഞ്ഞെടുത്തത്, എത്ര സാവകാശമാണവൾ തന്റെ പുടവകളെടുത്തുടുത്തത്, ഇതളുകളൊന്നൊന്നായി നിരത്തിവച്ചത്! പാടത്തെ പോപ്പിപ്പൂക്കളെപ്പോലെ ചുളുങ്ങിക്കൂടി ലോകത്തേക്കു വരാൻ അവൾക്കിഷ്ടമുണ്ടായിരുന്നില്ല. തന്റെ സൗന്ദര്യത്തിന്റെ പൂർണ്ണദീപ്തിയോടെ തന്നെ വേണം അവൾക്കു ലോകത്തിനു മുന്നിൽ പ്രത്യക്ഷപ്പെടാൻ. അതെ, അവളൊരു പൊങ്ങച്ചക്കാരിപ്പൂവായിരുന്നു! അവളുടെയാ നിഗൂഢമായ അണിഞ്ഞൊരുങ്ങൽ ദിവസങ്ങൾ, ദിവസങ്ങൾ നീണ്ടു.

അങ്ങനെ ഒരു ദിവസം, കൃത്യം സൂര്യനുദിക്കുന്ന മുഹൂർത്തത്തിൽ അവൾ സ്വയം പ്രത്യക്ഷപ്പെടുത്തി.



ഇത്രയും സൂക്ഷ്മവും വിശദവുമായ ഒരുക്കം കഴിഞ്ഞിട്ട് കോട്ടുവായിട്ടുകൊണ്ട് അവൾ പറയുകയാണ്:

“ഹാവൂ! ഇനിയുമെന്റെ ഉറക്കം പോയിട്ടില്ല. ക്ഷമിക്കണേ. എന്റെ ഇതളുകൾ ഇപ്പോഴും ശരിക്കൊരടുക്കായിട്ടില്ല.”

പക്ഷേ, ലിറ്റിൽ പ്രിൻസിന് തന്റെ ആരാധന മറച്ചുവയ്ക്കാൻ കഴിഞ്ഞില്ല:

“ഹൊ! എത്ര സുന്ദരിയാണു നീ!”

“ഞാൻ പിന്നെ അങ്ങനെയല്ലേ?” കൊഞ്ചിക്കൊണ്ട് പൂവു പറഞ്ഞു. “സൂര്യനുദിക്കുന്ന നേരത്തു തന്നെയാണ് ഞാനും ജനിച്ചത്...”

അവളല്പം ഗർവുകാരിയാണെന്നൂഹിക്കാൻ കൊച്ചുരാജകുമാരനു പ്രയാസമുണ്ടായില്ല; എന്നാലും എത്ര ഹൃദയഹാരിയാണവൾ!

“പ്രാതലിനുള്ള നേരമായെന്നു തോന്നുന്നു,” അവൾ പെട്ടെന്നു പറഞ്ഞു, “എന്റെ ആവശ്യങ്ങളെക്കുറിച്ചോർക്കാൻ ദയവുണ്ടാകുമെങ്കിൽ...”

ലിറ്റിൽ പ്രിൻസ് ആകെ നാണിച്ചുപോയി; അവൻ ഓടിപ്പോയി ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവന്ന് ചെടിയ്ക്കു നനച്ചുകൊടുത്തു.



അധികം വൈകാതെ അവൾ തന്റെ പൊങ്ങച്ചവും ഗർവും കൊണ്ട് അവനെ പീഡിപ്പിക്കാൻ തുടങ്ങി—അതവനെ വല്ലാതെ കഷ്ടപ്പെടുത്തി എന്ന സത്യവും പറയണമല്ലോ. ഉദാഹരണത്തിന്, അന്നൊരു ദിവസം തന്റെ നാലു മുള്ളുകളെക്കുറിച്ചു സംസാരിക്കുന്നതിനിടയിൽ അവൾ ലിറ്റിൽ പ്രിൻസിനോടു പറയുകയാണ്:

“നഖങ്ങളും കൊണ്ട് കടുവകൾ ഇങ്ങോട്ടു വരട്ടെ!”

“എന്റെ ഗ്രഹത്തിൽ കടുവകളില്ല,” ലിറ്റിൽ പ്രിൻസ് പ്രതിഷേധിച്ചു, “തന്നെയുമല്ല, കടുവകൾ പുല്ലു തിന്നാറുമില്ല.”

“അതിനു ഞാൻ പുല്ലൊന്നുമല്ലല്ലോ,” പൂവ് മധുരമായി പറഞ്ഞു.

“അല്ല, ഞാൻ പറഞ്ഞത്...”

“എനിക്കു കടുവകളെ ഒരു പേടിയുമില്ല,” അവൾ തുടർന്നു, “പക്ഷേ, എനിക്കു കാറ്റു തീരെ പറ്റില്ല. അതു തടുക്കാൻ ഒരു തട്ടി നിങ്ങളുടെ കൈയിൽ ഉണ്ടാവില്ലെന്നു തന്നെ കരുതട്ടെ?”

“കാറ്റു പറ്റില്ല—ഒരു ചെടിയുടെ കാര്യത്തിൽ അതത്ര നല്ലതല്ല” ലിറ്റിൽ പ്രിൻസ് അഭിപ്രായപ്പെട്ടു. എന്നിട്ടവൻ തന്നോടു തന്നെ പറഞ്ഞു, “ഈ പൂവ് ഒരല്പം കുഴപ്പം പിടിച്ചതാണല്ലോ...”

“രാത്രിയിൽ എന്നെ ഒരു സ്ഫടികഗോളത്തിനുള്ളിൽ വച്ചേക്കണം. നിങ്ങളുടെ നാട്ടിൽ എന്തു തണുപ്പാണ്-എനിക്കൊട്ടും സഹിക്കാൻ പറ്റുന്നില്ല. എന്റെ നാട്ടിലാണെങ്കിൽ...”

പെട്ടെന്നവൾ നിർത്തി. അവൾ ഇവിടെ വന്നത് ഒരു വിത്തിന്റെ രൂപത്തിലാണ്. അപ്പോൾപ്പിന്നെ മറ്റു ലോകങ്ങളെക്കുറിച്ച് അവൾക്കെന്തറിയാൻ? അങ്ങനെയൊരു പച്ചക്കള്ളം പറയാൻ പോയി പിടിക്കപ്പെട്ടതിന്റെ നാണക്കേടു മറയ്ക്കാനും ലിറ്റിൽ പ്രിൻസിന്റെ ശ്രദ്ധ മാറ്റാനുമായി അവൾ ഒന്നുരണ്ടു വട്ടം ചുമച്ചു.

“തട്ടിയുടെ കാര്യം?”

“ഞാൻ അതു കിട്ടുമോയെന്നു നോക്കാൻ പോകുമ്പോഴാണ് നീ എന്നോടു സംസാരിക്കാൻ തുടങ്ങിയത്.”

എന്നാലും അവനൊരു കുറ്റബോധം തോന്നട്ടേയെന്നു വച്ച് അവൾ ഒന്നു കൂടി ചുമച്ചു.

ഇതു കാരണം അവളോട് അത്ര സ്നേഹവും സന്മനോഭാവവും ഉണ്ടായിട്ടു കൂടി ലിറ്റിൽ പ്രിൻസിന് അവളുടെ മേൽ സംശയമായിത്തുടങ്ങി. അവൾ പറഞ്ഞതൊക്കെ താനെന്തിനു കാര്യമായിട്ടെടുത്തു എന്ന് അവൻ സ്വയം പഴിച്ചു.

“അവൾ പറഞ്ഞതു ഞാൻ കേൾക്കരുതായിരുന്നു,” രഹസ്യം പറയുന്നപോലെ ഒരു ദിവസം അവൻ എന്നോടു പറഞ്ഞു. “പൂക്കൾ പറയുന്നതു നാം ശ്രദ്ധിക്കാനേ പാടില്ല. അവയെ നോക്കിനില്ക്കുക, അവയുടെ മണം നുകരുക—അത്ര മാത്രം. എന്റെ പൂവ് എന്റെ ഗ്രഹമൊന്നാകെ സുഗന്ധം പരത്തിയിരുന്നു. പക്ഷേ, അതെങ്ങനെ ആസ്വദിക്കണമെന്ന് എനിക്കറിയാതെപോയി. ആ കടുവാക്കഥയൊക്കെ എന്റെ മനസ്സമാധാനം കളയുന്നതിനു പകരം എന്റെ മനസ്സിൽ അവളോടുള്ള സ്നേഹവും കരുണയും നിറയ്ക്കേണ്ടതായിരുന്നു...”

അവൻ തന്റെ രഹസ്യംപറച്ചിൽ തുടരുകയായിരുന്നു:

“എനിക്കന്ന് യാതൊന്നും മനസ്സിലായിരുന്നില്ല എന്നതാണു വാസ്തവം. ഞാനവളെ വിലയിരുത്തേണ്ടിയിരുന്നത് അവളുടെ വാക്കുകൾ കൊണ്ടല്ല, പ്രവൃത്തികൾ കൊണ്ടായിരുന്നു. എന്റെ ഗ്രഹത്തെ അവൾ സുഗന്ധപൂരിതമാക്കി, എന്റെ ജീവിതത്തെ അവൾ പ്രകാശപൂർണ്ണവുമാക്കി. ഞാൻ അവളെ വിട്ട് ഓടിപ്പോരരുതായിരുന്നു... അവളുടെയാ ബാലിശമായ നാട്യങ്ങൾക്കടിയിലുള്ള സ്നേഹം ഞാൻ മനസ്സിലാക്കേണ്ടതായിരുന്നു. പൂക്കൾ പുറമേ കാണുമ്പോലെയല്ല! പക്ഷേ, അന്നെനിക്കു തീരെ ചെറുപ്പമായിരുന്നു; എങ്ങനെയാണവളെ സ്നേഹിക്കേണ്ടതെന്ന് ആ പ്രായത്തിൽ എനിക്കറിയില്ലായിരുന്നു...”

# ഒൻപത്

ഒരു പറ്റം ദേശാടനപ്പക്ഷികളുടെ കുടിയേറ്റത്തിന്റെ മറവിലാണ് അവൻ തന്റെ ഗ്രഹത്തിൽ നിന്നു പലായനം ചെയ്തതെന്ന് എനിക്കു തോന്നുന്നു. താൻ യാത്ര തിരിക്കുന്നതിന്റന്നു കാലത്ത് അവൻ തന്റെ ഗ്രഹത്തിലെ കാര്യങ്ങളെല്ലാം ചിട്ടയാക്കി വച്ചിരുന്നു. ജ്വലിച്ചു കൊണ്ടിരുന്ന അഗ്നിപർവതങ്ങൾ രണ്ടും അവൻ ശ്രദ്ധയോടെ വൃത്തിയാക്കിവച്ചു. രാവിലത്തെ ഭക്ഷണം ചൂടാക്കാൻ അവനതു വളരെ സൗകര്യമായിരുന്നു. അണഞ്ഞുപോയ ഒരഗ്നിപർവതം കൂടിയുണ്ടായിരുന്നു. പക്ഷേ, അവൻ പറഞ്ഞപോലെ “എന്തും സംഭവിക്കാമല്ലോ!” അതിനാൽ അവൻ അതും കൂടി വൃത്തിയാക്കി. നന്നായി തുടച്ചു കരികളഞ്ഞു വച്ചാൽ അഗ്നിപർവതങ്ങൾ പൊട്ടിത്തെറിക്കലൊന്നുമില്ലാതെ ഒരേ നിലയ്ക്കു തെളിഞ്ഞു കത്തും. അഗ്നിപർവതസ്ഫോടനങ്ങൾ ചിമ്മിനിയിലെ തീപിടുത്തം പോലെയാണ്. ഭൂമിയിലെ അഗ്നിപർവതങ്ങൾ തീർച്ചയായും നമുക്കു ചുരണ്ടി വൃത്തിയാക്കി വയ്ക്കാൻ പറ്റാത്തവയാണ്; അത്ര ചെറിയ മനുഷ്യരാണു നമ്മൾ. അതുകൊണ്ടു തന്നെയാണ് അവ നമുക്ക് ഇത്ര ദുരിതം നല്കുന്നതും.

ശേഷിച്ച ബയോബാബ് തൈകൾ കൂടി ലിറ്റിൽ പ്രിൻസ് പിഴുതെടുത്തു. താനിനി ഇവിടേയ്ക്കു മടങ്ങിവരാൻ പോകുന്നില്ലെന്ന് അവനു തോന്നി. പക്ഷേ, താൻ നിത്യവും ചെയ്തിരുന്ന ആ പ്രവൃത്തികൾ ഇന്നവന് അമൂല്യമായിരുന്നു; കാരണം ആ ഗ്രഹത്തിൽ അവന്റെ അവസാനത്തെ പ്രഭാതമാണത്. ആ പൂവിന് അവസാനമായി വെള്ളമൊഴിക്കുമ്പോൾ, സ്ഫടികഗോളം കൊണ്ട് അതിനെ മൂടാൻ തുടങ്ങുമ്പോൾ താൻ കരച്ചിലിന്റെ വക്കത്തെത്തിയിരിക്കുന്നുവെന്ന് അവനു ബോദ്ധ്യമായി.

“പോയി വരട്ടെ,” അവൻ പൂവിനോടു പറഞ്ഞു.

പക്ഷേ, അവൾ ഒന്നും മിണ്ടിയില്ല.

“പോയി വരട്ടെ,” അവൻ ആവർത്തിച്ചു.

അവൾ ഒന്നു ചുമച്ചു. അതു പക്ഷേ, അവൾക്കു ജലദോഷമുള്ളതു കൊണ്ടായിരുന്നില്ല.

“ഞാൻ പൊട്ടസ്വഭാവം കാണിച്ചു,” ഒടുവിൽ അവൾ പറഞ്ഞു. “എന്നോടു ക്ഷമിക്കണം. അവിടെ സന്തോഷമായിരിക്കാൻ നോക്കൂ.”

ശകാരങ്ങൾ ഒന്നുമുണ്ടായില്ലെന്നത് അവനെ അത്ഭുതപ്പെടുത്തി. എന്തു ചെയ്യണമെന്നറിയാതെ, മൂടാനെടുത്ത സ്ഫടികഗോളം പാതിവഴിയിൽ ഉയർത്തിപ്പിടിച്ച് അവൻ നിന്നുപോയി. അവളുടെ സ്വഭാവത്തിൽ പെട്ടെന്നുണ്ടായ ആ മാധുര്യം അവനു മനസ്സിലായില്ല. “ഞാൻ നിന്നെ സ്നേഹിച്ചിരുന്നുവെന്നതിൽ സംശയിക്കാനില്ല,” പൂവു പറഞ്ഞു. “ഇത്ര കാലം നിനക്കതു മനസ്സിലായില്ലെന്നത് എന്റെ കുറ്റം കൊണ്ടു തന്നെയാണ്. അതു പോകട്ടെ. പക്ഷേ, നീ... നീയും എന്നെപ്പോലെ പൊട്ടത്തരം കാണിച്ചു. സന്തോഷമായിരിക്കാൻ ശ്രമിക്കൂ... ആ സ്ഫടികഗോളം താഴെ വയ്ക്കൂ. ഇനിയെനിക്ക് അതിന്റെ ആവശ്യമില്ല.”

“പക്ഷേ, കാറ്റ്...”

“എന്റെ ജലദോഷം അത്രയ്ക്കൊന്നുമില്ല. രാത്രിയിലെ തണുത്ത കാറ്റ് നല്ലതാണ്. ഞാൻ ഒരു പൂവാണല്ലോ.”

“പക്ഷേ, ജന്തുക്കൾ...”

“പൂമ്പാറ്റകളെ പരിചയപ്പെടണമെങ്കിൽ രണ്ടുമൂന്നു ശലഭപ്പുഴുക്കളെ സഹിക്കാതെ പറ്റില്ല. പൂമ്പാറ്റകൾക്ക് നല്ല ഭംഗിയുണ്ടെന്നു തോന്നുന്നു. തന്നെയുമല്ല, പൂമ്പാറ്റകളും പുഴുക്കളുമല്ലാതെ മറ്റാരാണ് എന്നെ കാണാൻ വരിക? നീ അകലെയുമായിരിക്കും. പിന്നെ മൃഗങ്ങൾ... എനിക്കവയെ പേടിയൊന്നുമില്ല. എനിക്കു നഖങ്ങളുണ്ടല്ലോ.”

അവൾ തന്റെ നാലു മുള്ളുകൾ എടുത്തുകാട്ടി. എന്നിട്ടു പറഞ്ഞു:

“വെറുതെ ചുറ്റിത്തിരിഞ്ഞ് ഇങ്ങനെ നില്ക്കേണ്ട. എന്തായാലും പോകാൻ തീരുമാനിച്ചതല്ലേ. പൊയ്ക്കോളൂ.”

താൻ കരയുന്നത് അവൻ കാണുന്നത് അവൾക്കിഷ്ടമായിരുന്നില്ല, അതാണു കാര്യം. അവൾ അത്രയ്ക്കൊരഭിമാനിയായിരുന്നു...

# പത്ത്

അവൻ എത്തിപ്പെട്ടത് 325, 326, 327, 328, 329, 330 എന്നിങ്ങനെ നമ്പരുള്ള ഛിന്നഗ്രഹങ്ങളുടെ സമീപത്താണ്. അവയെക്കുറിച്ചു കൂടുതലറിയാനായി അവൻ അവയോരോന്നായി സന്ദർശിക്കാൻ തുടങ്ങി.



അവയിൽ ആദ്യത്തേതിൽ താമസിച്ചിരുന്നത് ഒരു രാജാവാണ്. മൃദുരോമക്കുപ്പായവും കടുംചുവപ്പായ അംഗവസ്ത്രവുമണിഞ്ഞ് ലളിതമെങ്കിലും പ്രൗഢമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുകയാണദ്ദേഹം. "ആഹാ! എന്റെയൊരു പ്രജ ഇതാ വരുന്നു!" ലിറ്റിൽ പ്രിൻസ് ചെല്ലുന്നതു കണ്ടപ്പോൾ രാജാവ് ആഹ്ലാദത്തോടെ വിളിച്ചുപറഞ്ഞു.

ലിറ്റിൽ പ്രിൻസ് സ്വയം ചോദിച്ചു:

"മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത എന്നെ ഇദ്ദേഹം എങ്ങനെ തിരിച്ചറിഞ്ഞു?"

രാജാക്കന്മാർ ലോകത്തെ കാണുന്നത് എത്ര ലഘൂകരിച്ചിട്ടാണെന്ന് അവൻ അറിഞ്ഞിട്ടില്ല. അവർക്ക് എല്ലാ മനുഷ്യരും പ്രജകളാണ്.

"അടുത്തു വരൂ, ഞാൻ നിന്നെ നന്നായിട്ടൊന്നു കാണട്ടെ," ഒടുവിൽ തനിക്കൊരാളെ ഭരിക്കാൻ കിട്ടി എന്നതിന്റെ അഭിമാനത്തോടെ രാജാവ് അവനെ ക്ഷണിച്ചു.

ഇരിക്കാൻ ഒരു സ്ഥലത്തിനായി ലിറ്റിൽ പ്രിൻസ് ചുറ്റും നോക്കി; പക്ഷേ, ആ ഗ്രഹമൊന്നാകെ രാജാവിന്റെ ഉജ്ജ്വലമായ അംഗവസ്ത്രം നിറഞ്ഞുകിടക്കുകയാണ്. അതിനാൽ അവനു നില്ക്കുകയല്ലാതെ വഴിയില്ല; ക്ഷീണം കാരണം അവൻ കോട്ടുവായിടാനും തുടങ്ങി.

"രാജാവിനു മുന്നിൽ വച്ച് കോട്ടുവായിടുന്നത് ആചാരവിരുദ്ധമാണ്," ചക്രവർത്തി കല്പിച്ചു. "അങ്ങനെ ചെയ്യരുതെന്നു നാം വിലക്കുന്നു."

"എനിക്കതു തടുക്കാൻ പറ്റുന്നില്ല," പരുങ്ങിക്കൊണ്ട് ലിറ്റിൽ പ്രിൻസ് പറഞ്ഞു. "നീണ്ട യാത്ര കഴിഞ്ഞാണ് ഞാൻ വരുന്നത്, ഉറങ്ങാനും പറ്റിയില്ല..."

"അങ്ങനെയാണെങ്കിൽ," രാജാവു പറഞ്ഞു, "കോട്ടുവായിടാൻ നിന്നോടു നാം കല്പിക്കുന്നു. കോട്ടുവായ എനിക്കൊരു പുതുമയാണ്. ഉം, ഒന്നു കൂടി കോട്ടുവായിടൂ. ഇതൊരു കല്പനയാണ്."

"എനിക്കു പേടിയാവുന്നു... എനിക്കിപ്പോൾ കോട്ടുവാ വരുന്നില്ല..." ആകെ പരിഭ്രമിച്ചുകൊണ്ട് ലിറ്റിൽ പ്രിൻസ് പറഞ്ഞു.

"ശരി, ശരി!" അപ്പോൾ രാജാവ് പറഞ്ഞു. "എങ്കിൽ ഞാൻ കല്പിക്കുന്നു–ചിലപ്പോൾ നീ കോട്ടുവായിടുക, മറ്റു ചിലപ്പോൾ..." രാജാവ് അതു പൂർത്തിയാക്കിയില്ല; ആൾക്കെന്തോ മുഷിച്ചിലു തോന്നിയിരിക്കുന്നു.

രാജാവിനു വേണ്ടതിതാണ്: തന്റെ അധികാരം സർവരാലും മാനിക്കപ്പെടണം. ഏകാധിപതിയായ താൻ ആജ്ഞാലംഘനം വകവച്ചു കൊടുക്കുന്ന പ്രശ്നമില്ല. പക്ഷേ, ആൾ നല്ലവനും കൂടിയായിരുന്നു; അതിനാൽ അദ്ദേഹത്തിന്റെ ആജ്ഞകൾക്ക് ഒരു മയവും ന്യായവും ഉണ്ടായിരുന്നു.

"ഞാൻ ഒരു ജനറലിനോട്," ഉദാഹരണമായി അദ്ദേഹം പറഞ്ഞു, "ഞാൻ ഒരു ജനറലിനോട് താൻ ഒരു കടല്പക്ഷിയാകാൻ കല്പിക്കുകയും ജനറൽ അതനുസരിക്കാതിരിക്കുകയും ചെയ്താൽ അത് ജനറലിന്റെ കുറ്റമാകുന്നില്ല; അതെന്റെ കുറ്റമാണ്."

"ഞാൻ ഒന്നിരുന്നോട്ടെ?" ലിറ്റിൽ പ്രിൻസ് പേടിയോടെ ചോദിച്ചു.

"നിന്നോട് ഇരിക്കാൻ ഞാൻ കല്പിക്കുന്നു," തന്റെ അംഗവസ്ത്രം ഒന്നൊതുക്കിക്കൊടുത്തുകൊണ്ട് രാജാവ് പറഞ്ഞു.

പക്ഷേ, ലിറ്റിൽ പ്രിൻസിന്റെ ആലോചന ഇതായിരുന്നു: ആ ഗ്രഹം തീരെച്ചെറുതാണ്. അപ്പോൾ എന്തിനു മേലാണ് ശരിക്കും രാജാവിന്റെ രാജ്യഭാരം?

"സർ..." ധൈര്യം സംഭരിച്ചുകൊണ്ട് അവൻ ചോദിച്ചു, "ഒരു ചോദ്യം ചോദിക്കാൻ എന്നെ അനുവദിക്കുമോ?"

"എന്നോടൊരു ചോദ്യം ചോദിക്കാൻ ഞാൻ നിന്നോടു കല്പിക്കുന്നു," രാജാവ് തിടുക്കത്തോടെ പറഞ്ഞു.

"സർ... അങ്ങെന്തിനെയാണ് ഭരിക്കുന്നത്?"

"സർവതിനെയും," രാജാവിന് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല.

"സർവതിനെയും?"

രാജാവ് കൈ കൊണ്ട് ഒരു ചേഷ്ട കാണിച്ചതിൽ ഈ ഗ്രഹവും മറ്റു ഗ്രഹങ്ങളും സർവ നക്ഷത്രങ്ങളും ഉൾപ്പെട്ടിരുന്നു.

"അതിനെയൊക്കെ?" ലിറ്റിൽ പ്രിൻസ് ചോദിച്ചു.

"അതിനെയൊക്കെ..." രാജാവ് പറഞ്ഞു.

എന്തെന്നാൽ അദ്ദേഹം ഏകാധിപതി മാത്രമല്ല, ഏകച്ഛത്രാധിപതി കൂടിയായിരുന്നു.

"നക്ഷത്രങ്ങൾ അങ്ങയെ അനുസരിക്കുന്നു?"

"സംശയമെന്ത്?" രാജാവ് പറഞ്ഞു. "അവ തത്ക്ഷണം അനുസരിക്കുന്നു. അനുസരണക്കേട് ഞാൻ വച്ചുപൊറുപ്പിക്കില്ല."

ഇത്ര്യൊരു പരമാധികാരം കൊച്ചുരാജകുമാരനു സങ്കല്പിക്കാൻ കഴിയാത്തതായിരുന്നു. അങ്ങനെയൊരധികാരം കൈയാളാൻ കഴിഞ്ഞിരുന്നെങ്കിൽ ഇരിക്കുന്ന കസേരയിൽ നിന്നിളകാതെ തന്നെ ദിവസം നാല്പത്തിനാലല്ല, എഴുപത്തിരണ്ടല്ല, നൂറോ ഇരുന്നൂറോ തവണ സൂര്യാസ്തമയം കാണാൻ തനിക്കു കഴിയുമായിരുന്നു! താൻ ഉപേക്ഷിച്ചു പോന്ന തന്റെ കൊച്ചുഗ്രഹം അവനപ്പോൾ ഓർമ്മ വന്നു; അതിന്റെ വിഷാദത്തോടെ അവൻ രാജാവിനോട് ഒരു സഹായം ചോദിക്കാൻ ധൈര്യം കാണിച്ചു. "എനിക്കൊരു സൂര്യാസ്തമയം കാണണമെന്നുണ്ട്... അങ്ങൊരു സഹായം ചെയ്യുമോ?... സൂര്യനോട് അസ്തമിക്കാൻ ഒന്നാജ്ഞാപിക്കുമോ?"

"ഞാൻ ഒരു ജനറലിനോട് ഒരു പൂവിൽ നിന്ന് മറ്റൊരു പൂവിലേക്ക് ഒരു പൂമ്പാറ്റയെപ്പോലെ പറക്കാനോ ഒരു ദുരന്തനാടകം എഴുതാനോ ഒരു കടല്പക്ഷിയായി രൂപം മാറാനോ ആജ്ഞാപിക്കുകയും അയാൾക്ക് എന്റെ കല്പന നിറവേറ്റാനാകാതെ വരികയും ചെയ്താൽ ആരാണു കുറ്റക്കാരൻ?" രാജാവു ചോദിച്ചു, "ഞാനോ ജനറലോ?"

"അവിടുന്നു തന്നെ," സംശയമില്ലാതെ ലിറ്റിൽ പ്രിൻസ് പറഞ്ഞു.

"അങ്ങനെ തന്നെ. ഓരോരുത്തരിൽ നിന്നും അവനവനാവുന്നതേ നാം ആവശ്യപ്പെടാൻ പാടുള്ളൂ," രാജാവ് പറഞ്ഞു. "അധികാരം ആധാരമാക്കേണ്ടത് മറ്റെന്തിലുമുപരി യുക്തിയെയാണ്. പോയി കടലിൽ ചാടാൻ പ്രജകളോടു കല്പിച്ചാൽ അവർ വിപ്ലവം കൂട്ടില്ലേ? എന്നെ അനുസരിക്കാൻ എനിക്കാവശ്യപ്പെടാം, കാരണം, എന്റെ കല്പനകൾ യുക്തിക്കു നിരക്കുന്നതാണ്."

"അപ്പോൾ എന്റെ അസ്തമയം?" ലിറ്റിൽ പ്രിൻസ് തന്റെ ആവശ്യം ഓർമ്മിപ്പിച്ചു; കാരണം, ഒരു ചോദ്യം ചോദിച്ചാൽ അതിനുത്തരം കിട്ടാതെ അവൻ വിടില്ലല്ലോ.

"നിന്റെ അസ്തമയം നിനക്കു കിട്ടുന്നതാണ്. അതിനു ഞാൻ കല്പന പുറപ്പെടുവിക്കാം. പക്ഷേ, എന്റെ ഭരണരീതിയനുസരിച്ച് അനുകൂലമായ സാഹചര്യമെത്തുന്നതുവരെ എനിക്കു കാത്തിരിക്കേണ്ടി വരും."

"അതെന്നായിരിക്കും?" ലിറ്റിൽ പ്രിൻസ് ചോദിച്ചു.

"അതോ, അത്..." ഒരു തടിയൻ പഞ്ചാംഗം തുറന്നുകൊണ്ട് രാജാവ് പറഞ്ഞു, "അത്... അത്... ഇന്നു രാത്രി ഏകദേശം എട്ടിന് ഇരുപതു മിനുട്ടുള്ളപ്പോഴായിരിക്കും. എന്റെ കല്പന എത്ര നന്നായിട്ടാണു പാലിക്കപ്പെടുന്നതെന്ന് നിനക്കപ്പോൾ കാണാം!"

ലിറ്റിൽ പ്രിൻസ് കോട്ടുവായിട്ടു. തനിക്കു നഷ്ടപ്പെട്ട അസ്തമയത്തെ ഓർത്ത് അവനു വിഷാദം തോന്നി. അതുമല്ല, അവനു കുറേശ്ശെ ബോറടിക്കാനും തുടങ്ങിയിരുന്നു.

"എനിക്കിനി ഇവിടെ ഒന്നും ചെയ്യാനില്ല," അവൻ രാജാവിനോടു പറഞ്ഞു. "അതിനാൽ ഞാൻ യാത്ര തുടരുകയാണ്."

"പോകരുത്!" രാജാവ് കല്പിച്ചു; തനിക്കൊരു പ്രജയെ കിട്ടിയതിന്റെ സന്തോഷത്തിലായിരുന്നു അദ്ദേഹം. "പോകരുത്. ഞാൻ നിന്നെ ഒരു മന്ത്രിയാക്കാം."

"എന്തിന്റെ?"

"നീതിന്യായത്തിന്റെ മന്ത്രി!"

"അതിനിവിടെ ആരെയും വിധിക്കാനില്ലല്ലോ!"

"നമുക്കതറിയില്ലല്ലോ," രാജാവ് പറഞ്ഞു. "ഞാൻ ഇതുവരെ എന്റെ രാജ്യം മുഴുവനായിട്ടൊന്നു ചുറ്റിക്കണ്ടിട്ടില്ല. എനിക്കു പ്രായമായി; വണ്ടിയിൽ പോകാനുള്ള ഇടവും ഇവിടെയില്ല. നടന്നാൽ എനിക്കു ക്ഷീണിക്കുകയും ചെയ്യും."

"പക്ഷേ, ഞാൻ എല്ലാം കണ്ടുകഴിഞ്ഞു!" ഗ്രഹത്തിന്റെ മറ്റേവശത്തേക്ക് ഒരു തവണ കൂടി തിരിഞ്ഞു നോക്കിക്കൊണ്ട് ലിറ്റിൽ പ്രിൻസ് പറഞ്ഞു. "അവിടെയും ആരുമില്ല..."

"എങ്കിൽ നാം നമ്മെത്തന്നെ വിധിക്കുക," രാജാവ് പറഞ്ഞു. "അതാണേറ്റവും പ്രയാസം. അന്യരെ വിധിക്കുന്നതിനേക്കാൾ പ്രയാസമാണ് സ്വയം വിധിക്കുക. തെറ്റു പറ്റാതെ സ്വയം വിധിക്കാൻ കഴിഞ്ഞാൽ നിങ്ങൾ ജ്ഞാനിയായിക്കഴിഞ്ഞു."

"ശരിയാണത്," ലിറ്റിൽ പ്രിൻസ് പറഞ്ഞു. "പക്ഷേ, എനിക്കെന്നെ എവിടെ വച്ചും വിധിക്കാം. അതിനു ഞാൻ ഇവിടെത്തന്നെ ജീവിക്കണമെന്നില്ല."

"ഒരു കിഴവൻ എലി എന്റെ ഗ്രഹത്തിലെവിടെയോ ജീവിക്കുന്നുണ്ടെന്നു ഞാൻ ന്യായമായും സംശയിക്കുന്നു." രാജാവ് പറഞ്ഞു. "രാത്രിയിൽ ഞാനവന്റെ ഒച്ച കേട്ടു. ആ കിഴവനെലിയെ നിനക്കു വിധിക്കാം. ഇടയ്ക്കിടെ നീയവനെ വധശിക്ഷയ്ക്കു വിധിക്കുക.

അങ്ങനെ അവന്റെ ജീവൻ നിന്റെ നീതിയ്ക്കു വിധേയമായിരിക്കും. പക്ഷേ, ഓരോ വട്ടവും നീയവനു മാപ്പു നല്കുകയും വേണം. കാരണം, നമുക്കു വേറൊന്നെടുക്കാൻ ഇല്ലല്ലോ."

"എനിക്കാരെയും വധശിക്ഷയ്ക്കു വിധിക്കാൻ താല്പര്യമില്ല," ലിറ്റിൽ പ്രിൻസ് പറഞ്ഞു, "എനിക്കു യാത്ര തുടരാൻ നേരവുമായി."

"അരുത്!" രാജാവ് കല്പിച്ചു.

പക്ഷേ, പോകാനുള്ള ഒരുക്കങ്ങൾ ചെയ്തു കഴിഞ്ഞ ലിറ്റിൽ പ്രിൻസിന് ആ വൃദ്ധനായ രാജാവിനെ സങ്കടപ്പെടുത്തണമെന്നുണ്ടായിരുന്നില്ല.

"തന്റെ കല്പന അനുസരിക്കപ്പെടണമെന്നാണ് അവിടുത്തെ ആഗ്രഹമെങ്കിൽ അങ്ങെനിക്ക് യുക്തിസഹമായ ഒരാജ്ഞ നല്കണം. ഉദാഹരണത്തിന് അങ്ങയ്ക്കെന്നോടാജ്ഞാപിക്കാം, ഒരു മിനുട്ടു കഴിയുന്നതിനു മുമ്പ് ഇവിടം വിടുക. ഇപ്പോൾ അനുകൂലമായ സാഹചര്യമാണെന്ന് എനിക്കു തോന്നുന്നു..."

രാജാവ് അതിനു മറുപടി ഒന്നും പറയാത്തതുകൊണ്ട് ലിറ്റിൽ പ്രിൻസ് ഒരു നിമിഷം താറി നിന്നു. പിന്നെ ഒരു ദീർഘനിശ്വാസത്തോടെ യാത്ര പറഞ്ഞിറങ്ങി.

"ഞാൻ നിന്നെ എന്റെ സ്ഥാനപതിയാക്കുന്നു," രാജാവ് തിടുക്കത്തിൽ പിന്നാലെ വിളിച്ചുപറഞ്ഞു. പരമാധികാരം കൈയാളുന്ന ഭാവമായിരുന്നു അദ്ദേഹത്തിന്.

"ഈ മുതിർന്നവർ വിചിത്രസ്വഭാവികളാണ്," യാത്ര തുടർന്നുകൊണ്ട് ലിറ്റിൽ പ്രിൻസ് തന്നോടു തന്നെ പറഞ്ഞു.

## പതിനൊന്ന്

രണ്ടാമത്തെ ഗ്രഹത്തിലെ അന്തേവാസി ഒരു പൊങ്ങച്ചക്കാരനായിരുന്നു.

“ആഹാ! ഒരാരാധകൻ എന്നെ കാണാൻ വന്നിരിക്കുന്നു!” ദൂരെ നിന്നേ ലിറ്റിൽ പ്രിൻസിനെ കണ്ടിട്ട് അയാൾ ആർത്തുവിളിച്ചു.

എന്തെന്നാൽ, പൊങ്ങച്ചക്കാർക്ക് മറ്റുള്ളവരൊക്കെ തങ്ങളുടെ ആരാധകരാണല്ലോ. “ഹലോ,” ലിറ്റിൽ പ്രിൻസ് പറഞ്ഞു, “താങ്കളുടെ തൊപ്പി കണ്ടിട്ടു തമാശ തോന്നുന്നല്ലോ.”

“സല്യൂട്ട് ചെയ്യാനുള്ള തൊപ്പിയാണിത്,” ആ വലിയ പൊങ്ങച്ചക്കാരൻ പറഞ്ഞു. “ആളുകൾ എന്നെ പുകഴ്ത്തിപ്പറയുമ്പോൾ ഞാൻ തൊപ്പിയുയർത്തി അതു സ്വീകരിക്കുന്നു. കഷ്ടമെന്നു പറയട്ടെ, ഇതു വഴി ഇപ്പോൾ ആരും വരാറില്ല.”

“അതെയോ?” അയാൾ എന്തിനെക്കുറിച്ചാണു സംസാരിക്കുന്നതെന്ന് കൊച്ചുരാജകുമാരനു മനസ്സിലായില്ല.

“താനൊന്നു കൈയടിക്കു,” അയാൾ അവനോടു പറഞ്ഞു.

ലിറ്റിൽ പ്രിൻസ് കൈയടിച്ചു. പൊങ്ങച്ചക്കാരൻ അപ്പോൾ താനതു വിനയത്തോടെ സ്വീകരിക്കുന്നു എന്ന മട്ടിൽ തൊപ്പി ഒന്നു പൊന്തിച്ചു.

“ആ രാജാവിനെ കാണാൻ പോയതിനെക്കാൾ രസമുണ്ടിത്,” ലിറ്റിൽ പ്രിൻസ് മനസ്സിൽ പറഞ്ഞു. അവൻ പിന്നെയും കൈയടിച്ചു. പൊങ്ങച്ചക്കാരൻ പിന്നെയും തൊപ്പി പൊന്തിച്ചു.

ഈ അഭ്യാസം അഞ്ചു മിനുട്ട് ആവർത്തിച്ചപ്പോൾ കൊച്ചുരാജകുമാരനു മടുപ്പു വന്നുതുടങ്ങി.

“തൊപ്പി താഴേക്കു പോരാൻ എന്തു ചെയ്യണം?”

പൊങ്ങച്ചക്കാരൻ പക്ഷേ, അതു കേട്ടില്ല. പൊങ്ങച്ചക്കാർക്ക് പുകഴ്ത്തലല്ലാതൊന്നും കാതിൽ പെടില്ല.

“താനെന്നെ ശരിക്കും ആദരിക്കുന്നുണ്ടോ?” അയാൾ ലിറ്റിൽ പ്രിൻസിനോടു ചോദിച്ചു.

“ആദരിക്കുക എന്നു പറഞ്ഞാൽ?”

“ആദരിക്കുക എന്നു പറഞ്ഞാൽ ഈ ഗ്രഹത്തിലെ ഏറ്റവും സുന്ദരനായ, ഏറ്റവും നന്നായി വേഷം ധരിച്ച, ഏറ്റവും പണക്കാരനായ, ഏറ്റവും ബുദ്ധിമാനായ മനുഷ്യൻ ഞാനാണെന്നു നീ കരുതുന്നു എന്നാണർത്ഥം.”

“പക്ഷേ, ഈ ഗ്രഹത്തിൽ നിങ്ങളൊരാളല്ലേയുള്ളു!”

“ഒരുപകാരം ചെയ്യെന്നേ! എന്നെയൊന്നാദരിക്കു!”

“ഞാൻ നിങ്ങളെ ആദരിക്കുന്നു,” ചെറുതായൊന്നു തോളു വെട്ടിച്ചുകൊണ്ട് ലിറ്റിൽ പ്രിൻസ് പറഞ്ഞു. “പക്ഷേ, ഇതിൽ ഇത്ര താല്പര്യം തോന്നാൻ എന്തിരിക്കുന്നു!”

ലിറ്റിൽ പ്രിൻസ് അവിടന്നു യാത്ര തുടർന്നു.

“ഈ മുതിർന്നവർ ശരിക്കും വിചിത്രസ്വഭാവികൾ തന്നെ,” അവൻ തന്നോടു തന്നെ പറഞ്ഞു.

# പന്ത്രണ്ട്

അടുത്ത ഗ്രഹത്തിൽ താമസിച്ചിരുന്നത് ഒരു മുഴുക്കുടിയ നാണ്. ആ സന്ദർശനം അല്പനേരത്തേക്കേ ഉണ്ടായിരു ന്നുള്ളുവെങ്കിലും അത് ലിറ്റിൽ പ്രിൻസിനെ വല്ലാതെ ഖി ന്നനാക്കിക്കളഞ്ഞു.

“താങ്കളിവിടെ എന്തു ചെയ്യുന്നു?” അവൻ കുടിയനോ ടു ചോദിച്ചു; കുറേ ഒഴിഞ്ഞ കുപ്പികളും വേറേ കുറേ നിറ ഞ്ഞ കുപ്പികളും മുന്നിൽ വച്ച് മൗനം പൂണ്ടിരിക്കുകയാണ യാൾ.

“കുടിക്കുന്നു,” വിഷണ്ണഭാവത്തോടെ അയാൾ പറഞ്ഞു.

“എന്തിനു കുടിക്കുന്നു?” അവൻ ചോദിച്ചു.

“മറക്കാൻ,” കുടിയൻ പറഞ്ഞു.

“എന്തു മറക്കാൻ?” അവന് അയാളോടു സഹതാപം തോന്നിത്തുടങ്ങിയിരുന്നു.

“നാണക്കേടു മറക്കാൻ,” തല താഴ്ത്തിക്കൊണ്ട് കുടിയൻ സമ്മതിച്ചു.

“എന്തു നാണക്കേട്?” ലിറ്റിൽ പ്രിൻസിന് അയാളെ സഹായിക്കണമെന്നുണ്ടായിരുന്നു.

“കുടിക്കുന്നതിന്റെ നാണക്കേട്!” കുടിയൻ സംസാരം അവസാനിപ്പിച്ച്, അഭേദ്യമായ ഒരു മൗനത്തിലേക്കു പിൻവാങ്ങി.

തല പെരുത്തുകൊണ്ടാണ് ലിറ്റിൽ പ്രിൻസ് അവിടുന്നു പോയത്.

“ഈ മുതിർന്നവർ ശരിക്കും, ശരിക്കും വിചിത്രസ്വഭാവിക ളാണ്,” യാത്ര തുടരുമ്പോൾ അവൻ സ്വയം പറഞ്ഞു.

# പതിമൂന്ന്

നാലാമത്തെ ഗ്രഹം ഒരു ബിസിനസ്സുകാരന്റേതായിരുന്നു. അയാൾ കണക്കുകൂട്ടലിൽ മുഴുകിയിരിക്കുകയാണ്; ലിറ്റിൽ പ്രിൻസ് ചെന്നുകയറിയിട്ട് അയാളൊന്നു തല പൊക്കി നോക്കിയിട്ടുകൂടിയില്ല.

"ഹലോ," ലിറ്റിൽ പ്രിൻസ് പറഞ്ഞു. "താങ്കളുടെ കൈയിലെ സിഗററ്റ് കെട്ടുപോയിരിക്കുന്നു."

"മൂന്നും രണ്ടും അഞ്ച്. അഞ്ചും ഏഴും പന്ത്രണ്ട്. പന്ത്രണ്ടും മൂന്നും പതിനഞ്ച്. ഹലോ. പതിനഞ്ചും ഏഴും ഇരുപത്തിരണ്ട്. ഇരുപത്തിരണ്ടും ആറും ഇരുപത്തെട്ട്. അതു കൊളുത്താൻ എനിക്കു സമയമില്ല. ഇരുപത്താറും അഞ്ചും മുപ്പത്തൊന്ന്. ഹൗ! എല്ലാം കൂടി അമ്പതു കോടി പതിനാറു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എഴുനൂറ്റിമുപ്പത്തൊന്ന്!"

"അമ്പതു കോടി എന്ത്?" ലിറ്റിൽ പ്രിൻസ് ചോദിച്ചു.

"ഊം? താനിതുവരെ പോയില്ലേ? അമ്പതു കോടി... എനിക്കു നിർത്താൻ പറ്റില്ല... എനിക്കൊരുപാടു ചെയ്യാനുണ്ട്! അതിപ്രധാനമായ സംഗതിയാണു ഞാൻ ചെയ്യുന്നത്. കളി പറഞ്ഞിരിക്കാൻ എനിക്കു സമയമില്ല. രണ്ടും അഞ്ചും ഏഴ്..."

"അമ്പതുകോടി എന്താണെന്ന്?" ലിറ്റിൽ പ്രിൻസ് ആവർത്തിച്ചു; ചോദ്യം ചോദിച്ചാൽ പിന്നെ ഉത്തരം കിട്ടിയിട്ടല്ലാതെ അവൻ അടങ്ങില്ല എന്നറിയാമല്ലോ.

ബിസിനസ്സുകാരൻ തല പൊക്കി നോക്കി.

"ഞാൻ ഈ ഗ്രഹത്തിൽ താമസിക്കാൻ തുടങ്ങിയിട്ട് അമ്പത്തിനാലു കൊല്ലമായിരിക്കുന്നു; ഇതിനിടയ്ക്കു മൂന്നു തവണ മാത്രമാണ് എന്റെ ജോലിക്കു വിഘ്നം നേരിട്ടത്. ഒന്നാമത്തേത് ഇരുപത്തിരണ്ടു കൊല്ലം മുമ്പാണ്; എവിടുന്നെന്നറിയാതെ ഒരു വണ്ടു വന്നെന്റെ മേശപ്പുറത്തു വീണു. അതുണ്ടാക്കിയ ബഹളം കാരണം നാലിടത്തെന്റെ കണക്കു പിഴച്ചു. രണ്ടാമത്തത് പതിനൊന്നു കൊല്ലം മുമ്പായിരുന്നു; വാതമാണ് അന്നു പ്രശ്നമുണ്ടാക്കിയത്. എനിക്കു വേണ്ടത്ര വ്യായാമം കിട്ടുന്നില്ലെന്നേ. ഒന്നിറങ്ങി നടക്കാൻ സമയം കിട്ടേണ്ടേ? മൂന്നാമത്— അതിപ്പോഴാണ്! ഞാനെന്താ പറഞ്ഞുകൊണ്ടു വന്നത്? അമ്പതു കോടി..."

"എന്തമ്പതു കോടി?"

ആ ചോദ്യത്തിനു മറുപടി കൊടുക്കാതെ തനിക്കു സമാധാനമായി പണിയെടുക്കാൻ പറ്റില്ലെന്ന് ബിസിനസ്സുകാരന് അപ്പോൾ ബോദ്ധ്യമായി.

"അതോ, ഇടയ്ക്കൊക്കെ ആകാശത്തു കാണുന്ന ആ ചെറിയ വസ്തുക്കൾ," അയാൾ പറഞ്ഞു.

"പൂച്ചികൾ?"

"അല്ലല്ല, തിളങ്ങുന്ന വക."

"തേനീച്ചകൾ?"

"അല്ലെന്നേ. മടിയന്മാരെ ദിവാസ്വപ്നത്തിലാഴ്ത്തുന്ന സ്വർണ്ണനിറത്തിലുള്ള ആ ചെറിയ വസ്തുക്കൾ. ഞാൻ ആ തരക്കാരനൊന്നുമല്ല. ഞാൻ സുപ്രധാനമായ സംഗതികളിൽ ഏർപ്പെടുന്നയാളല്ലേ. പകല്ക്കിനാവു കാണാൻ എന്റെ ജീവിതത്തിൽ എവിടെ നേരം?"

"നക്ഷത്രങ്ങളെക്കുറിച്ചാണോ നിങ്ങൾ പറയുന്നത്?"

"അതെ, അതു തന്നെ. നക്ഷത്രങ്ങൾ."

"അമ്പതു കോടി നക്ഷത്രങ്ങൾ കൊണ്ട് നിങ്ങൾ എന്തു ചെയ്യുന്നു?"

"അമ്പതു കോടി പതിനാറുലക്ഷത്തി ഇരുപത്തീരായിരത്തി എഴുനൂറ്റിമുപ്പത്തൊന്ന്. ഞാൻ പ്രധാനപ്പെട്ട സംഗതികൾ ചെയ്യുന്നയാളാണ്. എന്റെ കണക്കുകളൊക്കെ കൃത്യമായിരിക്കും."

"ആ നക്ഷത്രങ്ങൾ നിങ്ങൾ എന്തു ചെയ്യുന്നു?"

"ഞാൻ എന്തു ചെയ്യുന്നുവെന്നോ?"

"അതെ."

"ഒന്നും ചെയ്യുന്നില്ല. ഞാൻ അവയെ സ്വന്തമാക്കുന്നു."

"നിങ്ങൾ നക്ഷത്രങ്ങളുടെ ഉടമസ്ഥനാണെന്നോ?"

"അതെ."

"പക്ഷേ, ഞാൻ കണ്ട ഒരു രാജാവ്..."

"രാജാക്കന്മാർക്ക് ഒന്നും സ്വന്തമല്ല; അവർ അവയെ ഭരിക്കുകയാണ്... രണ്ടും തമ്മിൽ നല്ല വ്യത്യാസമുണ്ട്."

"നക്ഷത്രങ്ങൾ സ്വന്തമാക്കിയിട്ട് നിങ്ങൾക്കതു കൊണ്ട് എന്താ ഗുണം?"

"അതെന്നെ ധനികനാക്കുന്നു."

"ധനികനായതുകൊണ്ടെന്താ ഗുണം?"

"ആരെങ്കിലും പുതിയ നക്ഷത്രങ്ങൾ കണ്ടുപിടിച്ചാൽ എനിക്കവയും വാങ്ങാൻ പറ്റും."

"ഈയാളുടെ വാദം ആ കുടിയന്റേതു പോലിരിക്കുന്നു," ലിറ്റിൽ പ്രിൻസ് മനസ്സിൽ പറഞ്ഞു.

എന്നാലും അവനു പിന്നെയും ചോദിക്കാനുണ്ടായിരുന്നു.

"എങ്ങനെയാണ് നക്ഷത്രങ്ങൾ ഒരാളുടെ മാത്രം സ്വന്തമാവുക?"

"എങ്കില്പിന്നെ അവ ആരുടെയാണ്?" ബിസിനസ്സുകാരൻ മുഷിച്ചിലോടെ ചോദിച്ചു.

"ആർക്കറിയാം? ആരുടേയുമല്ല."

"എങ്കിൽ അവ എന്റേതാണ്, കാരണം, നക്ഷത്രങ്ങൾക്കുടമയാവുന്നതിനെക്കുറിച്ച് ആദ്യം ആലോചിച്ചതു ഞാനാണല്ലോ."

"അതു മാത്രം മതിയോ?"

"പിന്നെന്താ? ഉടമസ്ഥരില്ലാത്ത ഒരു വജ്രം നിങ്ങൾ കണ്ടുവെന്നിരിക്കട്ടെ, അതു നിങ്ങളുടേതാണ്. ആരുടെയുമല്ലാത്ത ഒരു ദ്വീപ് നിങ്ങൾ കണ്ടുപിടിച്ചാൽ അതു നിങ്ങളുടെ സ്വന്തമായി. ഒരു നൂതനാശയം നിങ്ങളുടെ മനസ്സിൽ വന്നാൽ നിങ്ങൾ പോയി പേറ്റന്റെടുക്കുന്നു: അതു പിന്നെ നിങ്ങളുടെ സ്വന്തമാണ്. എന്റെ കാര്യവും അതു തന്നെ: നക്ഷത്രങ്ങൾ എന്റെ സ്വന്തമാണ്, എന്തെന്നാൽ അവ സ്വന്തമാക്കുന്നതിനെക്കുറിച്ച് എനിക്കു മുമ്പ് ആരും ചിന്തിച്ചിട്ടില്ല."

"അതെ, അതു ഞാൻ സമ്മതിച്ചു," ലിറ്റിൽ പ്രിൻസ് പറഞ്ഞു. "അതിരിക്കട്ടെ, നക്ഷത്രങ്ങൾ കൊണ്ട് നിങ്ങൾ എന്തു ചെയ്യുന്നു?"

"ഞാനവ മാനേജു ചെയ്യുന്നു," ബിസിനസ്സുകാരൻ പറഞ്ഞു. "ഞാനവ കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തുന്നു. നല്ല ജോലിയാണത്. പക്ഷേ, ഞാൻ ഗൗരവമുള്ള കാര്യങ്ങൾ ചെയ്യുന്ന ഒരാളാണല്ലോ!"

ലിറ്റിൽ പ്രിൻസിനു പക്ഷേ, അയാളുടെ ഉത്തരം തൃപ്തിയായില്ല.

"എനിക്കൊരു മഫ്ലർ സ്വന്തമായിട്ടുണ്ടെങ്കിൽ," ലിറ്റിൽ പ്രിൻസ് പറഞ്ഞു, "എനിക്കതു കഴുത്തിൽ ചുറ്റി കൂടെക്കൊണ്ടുപോകാം. എനിക്കൊരു പൂവ് സ്വന്തമായിട്ടുണ്ടെങ്കിൽ എനിക്കത് ഇറുത്തെടുത്തുകൊണ്ടു പോകാം. അതുപോലെ പക്ഷേ, നിങ്ങൾക്ക് നക്ഷത്രങ്ങൾ ഇറുത്തെടുക്കാൻ പറ്റില്ലല്ലോ!"

"ഇല്ല, എന്നാൽ എനിക്കവ ബാങ്കിൽ നിക്ഷേപിക്കാമല്ലോ."

"എന്നു പറഞ്ഞാൽ?"

"എന്നു പറഞ്ഞാൽ എന്റെ നക്ഷത്രങ്ങളുടെ ആകെയെണ്ണം ഒരു കടലാസുകഷണത്തിൽ ഞാനെഴുതുന്നു. അതൊരലമാരയുടെ വലിപ്പിൽ വച്ചു പൂട്ടുന്നു."

"അത്രേയുള്ളു?"

"അതു മതി."

"ഇയാൾ പറയുന്നതിൽ ഒരു രസമുണ്ട്," ലിറ്റിൽ പ്രിൻസ്. "അതിൽ കവിതയുമുണ്ട്. പക്ഷേ, അതിലൊരു ഗൗരവമില്ല."

എന്താണ് ഗൗരവമുള്ള കാര്യം എന്നതിൽ ലിറ്റിൽ പ്രിൻസിന്റെ ധാരണ മുതിർന്നവരുടേതിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു.

"എനിക്കു സ്വന്തമായി ഒരു പൂവുണ്ട്," അവൻ ബിസിനസ്സുകാരനുമായുള്ള സംഭാഷണം തുടർന്നു, "അതിനു ഞാൻ എന്നും വെള്ളമൊഴിച്ചുകൊടുക്കുന്നുണ്ട്. എനിക്കു മൂന്ന് അഗ്നിപർവതങ്ങളുമുണ്ട്; എല്ലാ ആഴ്ചയും ഞാനവ ചുരണ്ടി വൃത്തിയാക്കി വയ്ക്കും (കെട്ടുപോയതൊന്നുകൂടി; നമ്മൾ കരുതിയിരിക്കണമല്ലോ.) അങ്ങനെ ഞാനവയുടെ ഉടമസ്ഥനായതുകൊണ്ട് എന്റെ പൂവിനെന്തെങ്കിലും ഗുണമുണ്ട്, എന്റെ അഗ്നിപർവതങ്ങൾക്കും എന്തെങ്കിലും ഗുണമുണ്ട്. പക്ഷേ, നക്ഷത്രങ്ങൾക്ക് നിങ്ങളെക്കൊണ്ട് എന്തു ഗുണമാണുള്ളത്?"

ബിസിനസ്സുകാരൻ വായ തുറന്നെങ്കിലും അയാൾക്കു മറുപടി പറയാൻ ഒന്നുമുണ്ടായില്ല. ലിറ്റിൽ പ്രിൻസ് തന്റെ വഴിക്കു പോവുകയും ചെയ്തു.

"ഈ മുതിർന്നവർ തികച്ചും വിചിത്രസ്വഭാവക്കാർ തന്നെ!" യാത്ര തുടരുന്നതിനിടയിൽ അവൻ സ്വയം പറഞ്ഞു.

(തുടരും...)

## അന്ത്വാൻ ദ് സാന്തെ-എക്സ്സ്യുപെരി (Antoine de Saint-Exupery)

Le Petit Prince (കൊച്ചുരാജകുമാരൻ) എന്ന ബാലസാഹിത്യകൃതിയുടെ പേരിൽ പ്രശസ്തനായ ഫ്രഞ്ച് എഴുത്തുകാരൻ അന്ത്വാൻ ദ് സാന്തെ-എക്സ്സ്യുപെരി 1900 ജൂൺ 29-ന് ഫ്രാൻസിലെ ലിയോണിൽ ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു. ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുമ്പോൾ വിദ്യാർത്ഥിയായിരുന്ന അന്ത്വാൻ 1921-ൽ ഫ്രഞ്ച് സൈന്യത്തിൽ ചേർന്നു. അടുത്ത കൊല്ലം പൈലറ്റ് പരിശീലനം പൂർത്തിയാക്കുകയും എയർ ഫോഴ്സിലേക്കു മാറുകയും ചെയ്തു. മൊറോക്കോയിൽ അല്പകാലത്തെ പോസ്റ്റിങ്ങിനു ശേഷം അദ്ദേഹം എയർ ഫോഴ്സിൽ നിന്നു പിരിഞ്ഞു. എന്നാൽ ഇതിനകം വൈമാനികജീവിതം അദ്ദേഹത്തിന്റെ ജീവിതാവേശമായി മാറിക്കഴിഞ്ഞിരുന്നു. 1923-ൽ ഒരു വിമാനാപകടത്തിൽ അദ്ദേഹത്തിന്റെ തലയ്ക്കു ക്ഷതം പറ്റിയിരുന്നു. എന്നാൽ അതുകൊണ്ടൊന്നും പിന്മാറാതെ അദ്ദേഹം ഒരു മെയിൽ പൈലറ്റായി ജോലി സ്വീകരിച്ചു. മരുഭൂമിയും അവിടുത്തെ നിവാസികളും അദ്ദേഹത്തിനു വളരെ പ്രിയമായിരുന്നു. ആ സ്നേഹം കൊണ്ടാണ് അദ്ദേഹം പടിഞ്ഞാറൻ സഹാറയിലെ ഒരു വിമാനത്താവളത്തിന്റെ ഡയറക്ടറായതും. മരുഭൂമിയിൽ തകർന്നുവീഴുന്ന വിമാനങ്ങളിലെ പൈലറ്റുകളെ രക്ഷപ്പെടുത്തുക എന്നതും അദ്ദേഹത്തിന്റെ ജോലിയിൽ ഉൾപ്പെട്ടിരുന്നു. 1929-ൽ അദ്ദേഹം അർജ്ജന്റീനയിലെ ഒരു എയർ മെയിൽ ലൈനിന്റെ മേധാവിയായി. അദ്ദേഹത്തിന്റെ സാഹിത്യജീവിതം ആരംഭിക്കുന്നത് ഇക്കാലത്താണ്. ആദ്യത്തെ നോവലുകളായ Southern Mail, Night Flight എന്നിവയുടെ പ്രമേയം സ്വന്തം വൈമാനികജീവിതം തന്നെയാണ്. 1935-ൽ പാരീസിൽ നിന്ന് സെയ്ഗോണി (ഇന്നത്തെ ഹോ-ചിമിൻ സിറ്റി) ലേക്കുള്ള യാത്രയിൽ പറന്നുയർന്ന് ഇരുപതു മണിക്കൂർ കഴിഞ്ഞപ്പോൾ വിമാനം സഹാറയിൽ തകർന്നുവീണു. അദ്ദേഹത്തിനും സഹപൈലറ്റിനും ജീവൻ നിലനിർത്താൻ ഉണ്ടായിരുന്നത് അല്പം ചോക്ലേറ്റും കുറച്ചു ബിസ്കറ്റും മാത്രമായിരുന്നു. നാലു ദിവസം കഴിഞ്ഞു് മരുഭൂമിയിലെ ഒരു ഗോത്രവംശക്കാരൻ അവരെ രക്ഷപ്പെടുത്തുകയായിരുന്നു. അദ്ദേഹം 1939-ൽ എഴുതിയ ‘കാറ്റും മണലും നക്ഷത്രങ്ങളും’ എന്ന പേരിലുള്ള ഓർമ്മക്കുറിപ്പുകൾ പ്രമേയമാക്കുന്നത് ഈ അനുഭവങ്ങളാണ്. 1939-ൽ രണ്ടാം ലോകമഹായുദ്ധം തുടങ്ങുമ്പോൾ തലേ വർഷം ഗ്വാട്ടിമാലയിൽ വെച്ചുണ്ടായ ഒരു വിമാനാപകടത്തിൽ പറ്റിയ പരിക്കുകളിൽ നിന്നു മോചിതനാവുന്നേ ഉണ്ടായിരുന്നുള്ളു അദ്ദേഹം. എന്നാലുംകൂടി അദ്ദേഹം ഫ്രഞ്ച് എയർ ഫോഴ്സിൽ ചേരാൻ അപേക്ഷ കൊടുക്കുകയും അത് അംഗീകരിക്കപ്പെടുകയും ചെയ്തു. എന്നാൽ ഫ്രാൻസ് നാസികൾക്കധീനമായപ്പോൾ അദ്ദേഹം അമേരിക്കയിലേക്കു പലായനം ചെയ്തു. ആ പ്രവാസകാലത്താണ് എക്സ്സ്യുപെരി ‘ലിറ്റിൽ പ്രിൻസ്’ എഴുതുന്നത്. അദ്ദേഹം തന്നെ വരച്ച ചിത്രങ്ങളോടെ 1943-ൽ ഇംഗ്ലീഷ് പരിഭാഷയോടൊപ്പം അവിടെ അതു പ്രസിദ്ധീകരിക്കുകയും ചെയ്തു.

പക്ഷേ, തന്റെ ജന്മദേശം യുദ്ധത്തിനു നടുവിലായിരിക്കുമ്പോൾ അടങ്ങിയിരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എയർ ഫോഴ്സിൽ ചേരാൻ അദ്ദേഹം വീണ്ടും അപേക്ഷ കൊടുത്തു. അപ്പോൾ പ്രായം നാല്പത്തിമൂന്നായിരുന്നു; പരിക്കുകൾ കാരണം വസ്ത്രം മാറാൻ പോലും പരസഹായം വേണമെന്ന നിലയിലുമായിരുന്നു. അതേ സമയം അദ്ദേഹത്തിന്റെ അന്താരാഷ്ട്രപ്രശസ്തിയിൽ നിന്നു ലഭിക്കുന്ന പ്രചാരമൂല്യം എക്സ്സ്യുപെരിയെ വീണ്ടും സൈന്യത്തിലെടുക്കുന്നതിനു പ്രേരകമായി. അങ്ങനെ 1943 ഏപ്രിലിൽ വടക്കേ ആഫ്രിക്കയിൽ ഒരു നിരീക്ഷണപൈലറ്റായി അദ്ദേഹം സർവ്വീസിൽ തിരിച്ചുവന്നു. സഖ്യകക്ഷികൾ തെക്കൻ ഫ്രാൻസിൽ നടത്താനിരിക്കുന്ന ഒരാക്രമണത്തിനു മുന്നോടിയായി നിരീക്ഷണപ്പറക്കൽ നടത്താൻ കോർസിക്ക ദ്വീപിലെ ഒരു വിമാനത്താവളത്തിൽ നിന്ന് 1944 ജൂലൈ 31-ന് എക്സ്സ്യുപെരി ഒരു P-38 വിമാനത്തിൽ പറന്നുയർന്നു. അദ്ദേഹം പിന്നെ മടങ്ങിയെത്തിയില്ല. സാന്തെ-എക്സ്സ്യുപെരി യുദ്ധത്തിൽ കൊല്ലപ്പെട്ടതായി എട്ടു ദിവസം കഴിഞ്ഞു് ഔദ്യോഗികമായ അറിയിപ്പുണ്ടായി. 1998-ൽ ഒരു ഫ്രഞ്ച് മീൻപിടുത്തക്കാരന് മാഴ്സേ ഭാഗത്തെ കടലിൽ നിന്ന് എക്സ്സ്യുപെരിയുടെ ഐഡന്റിറ്റി ബ്രേസ്ലെറ്റ് കിട്ടി; രണ്ടു കൊല്ലം കഴിഞ്ഞു് അതേ ഭാഗത്തു നിന്നുതന്നെ അദ്ദേഹത്തിന്റെ വിമാനത്തിന്റെ അവശിഷ്ടങ്ങളും കണ്ടുകിട്ടി.

മതഗ്രന്ഥങ്ങൾ ഒഴിവാക്കിയാൽ ലോകത്ത് ഏറ്റവുമധികം ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെടുകയും ഏറ്റവും കൂടുതൽ വില്ക്കുകയും ചെയ്ത പുസ്തകമാണ് എക്സ്സ്യുപെരിയുടെ Le Petit Prince എന്ന ഈ നോവെല്ല. വിമാനം തകർന്ന് മരുഭൂമിയിൽ പെട്ടുപോയ ഒരു ഏകാന്തവൈമാനികനും ദുശ്ശാഠ്യക്കാരിയായ ഒരു പൂവിനോടു പിണങ്ങി തന്റെ രാജ്യമായ ഒരല്പഗ്രഹത്തിൽ നിന്ന് ഗോളാന്തരയാത്ര നടത്തി ഒടുവിൽ ഭൂമിയിലെത്തുകയും ചെയ്യുന്ന സ്വർണ്ണമുടിക്കാരനായ ഒരു രാജകുമാരനും തമ്മിലുള്ള ഈ കൂടിക്കാഴ്ച അതിൽ അന്തർലീനമായ ദുരന്തബോധം കൊണ്ടാണ് ഇന്നും വായനക്കാരെ ആകർഷിക്കുന്നത്. മുതിർന്നവർക്കു വേണ്ടി എഴുതിയ ഈ കുട്ടിക്കഥയുടെ സന്ദേശം നാം കാണാതെപോകരുത്. മുതിർന്നവരാകുന്നതോടെ യഥാർത്ഥ സൗന്ദര്യം നമ്മുടെ കാഴ്ചയിൽ വരുന്നില്ല. സംഖ്യകളുടേയും ലാഭനഷ്ടങ്ങളുടേയും വികാരഹീനമായ ബൗദ്ധികതയുടേയും അയാഥാർത്ഥലോകത്തു നിന്ന് സൗന്ദര്യത്തിന്റേയും നിഷ്കളങ്കതയുടേയും വൈകാരികതയുടേയും ആ ബാല്യകാലലോകത്തേക്കുള്ള മടക്കമാണ് ഭൂമിയിലെ ജീവിതത്തെ സഹനീയമാക്കാനുള്ള ഒരേയൊരു വഴി.

## വി. രവികുമാർ



കൊല്ലം സ്വദേശിയാണ്. റെയിൽവേയിൽ ബുക്കിംഗ് ക്ലർക്ക് ആയിരുന്നു. ഇപ്പോൾ വിവർത്തകൻ മാത്രമാണ്. കാഫ്ക (കഥകൾ, വിചാരണ, കത്തുകളും ഡയറിക്കുറിപ്പുകളും), ബോദ്‌ലേർ (കലാകാരന്റെ കുമ്പസാരങ്ങൾ), ബാഷോ (കവിതകളും യാത്രകളും), ഹാൻസ് ആൻഡേഴ്സൻ (കഥ കൈ ചൂണ്ടുന്നത് നിങ്ങളെ), റൂമി (പ്രണയം നമ്മുടെ പ്രവാചകൻ), അന്ത്വാൻ ദി സാങ്ങ്ത് എക്സ്സ്യുപെരി (ലിറ്റിൽ പ്രിൻസ്), റില്ക്കെ (ഒരു യുവകവിക്കയച്ച കത്തുകൾ), ഉലാവ് എച്ച്. ഹേഗ് (ഇലക്കുടിലുകളും മഞ്ഞുവീടുകളും), വീസ്വാവ ഷിംബോർസ്ക്ക (അത്ഭുതങ്ങളുടെ മേള), ബെർത്തോൾട്ട് ബ്രെഹ്റ്റ് (കവിതയുടെ ദുരിതകാലം), ബോർഹസ് (സ്വപ്നവ്യാഘ്രങ്ങൾ) തുടങ്ങിയ വിവർത്തനപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ചിത്രീകരണം: അന്ത്വാൻ ദ് സാന്തെ-എക്സ്സ്യുപെരി.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014